കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ചേലേമ്പ്ര ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2018-2019

## ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം.6/2826/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

തിയ്യതി:04-01-2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ചേലേമ്പ്ര ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ചേലേമ്പ്ര ഗ്രാമപഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്

- സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചേലേമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ, തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ എയിംസ് സോഫ്റ്റ്‌വെയർ മുഖേന ഓൺലൈനായി (http://aims.ksad.kerala.gov.in/esubmission) ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3)പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, മലപ്പുറം
4)കാര്യാലയ പകർപ്പ്.

എൽ. 2/2020

നം. കെ.എസ്.എ.എം.പി.എം.6/2826/2019 തിയ്യതി: 04-01-2020

# മലപ്പുറം ജില്ലയിലെ ചേലേമ്പ്ര ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

മലപ്പുറം ജില്ലയിലെ ചേലേമ്പ്ര ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 05.07.2018 മുതൽ 05.11.2019 വരെ വിവിധ ഇനങ്ങളിലായി

നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. 35 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 31 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

---

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ. അജിത് ആർ, ഡെപ്യൂട്ടി ഡയറക്ടർ (ഹ. ഗ്രേ)

---

ഓഡിറ്റിന് വിനിയോഗിച്ച സമയം : 06.11.2019 മുതൽ 18.11.2019 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ. സുരേഷ് പി | ഓഡിറ്റ് ഓഫീസർ (ഹ. ഗ്രേ) |
| ശ്രീ. അബ്ദുന്നാസർ പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. റിഷിൽ പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. ബിജേഷ് എ.എസ് | ഓഡിറ്റർ |

നിർവഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീ രാജേഷ് സി | 01.04.2018 മുതൽ 31.03.2019വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| സെക്രട്ടറി | ശ്രീ. സുധീർ കെ | 01.04.2018 മുതൽ 22.06.2018 വരെ |
| | ശ്രീ. സന്തോഷ് സി | 23.06.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.ഷീജ കെ. അഹമ്മദ് | 01.04.2018 മുതൽ 31.03.2019 വരെ |
| അസി. എഞ്ചിനിയർ | ശ്രീ. സജ്ന ഒ | 01.04.2018 മുതൽ 31.03.2019 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ. രാജേഷ് എം.പി | 01.04.2018 മുതൽ 24.07.2018വരെ |
| | ശ്രീമതി തെസ്നി കെ | 25.07.18 മുതൽ 31.3.2019 വരെ |

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ. തുളസീദാസ് കെ.സി | 01.04.2018 മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജൻ | ഡോ. രശ്മി പി | 01.04.2018 മുതൽ 18.02.2019 വരെ |
| | ശ്രീ.മധുസൂദനൻ | 19.02.19 മുതൽ 31.03.19വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി അനല എസ് മേനോൻ | 01.04.2018 മുതൽ 31.03.19 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. ജമീല സി.ഒ.ടി | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ | ഡോ. മേനക വാസുദേവ് (പി.എച്ച്.സി) | 01.04.2018 മുതൽ 12.06.2019വരെ |
| | ഡോ.ഷാജി അറക്കൽ (പി.എച്ച്.സി) | 13.06.2018മുതൽ 12.08.2018 വരെ |
| | ഡോ.മേനക വാസുദേവ് (പി.എച്ച്.സി) | 13.08.18 മുതൽ 09.11.18 വരെ |
| | ഡോ.രവികുമാർ (പി.എച്ച്.സി) | 10.11.18 മുതൽ 21.11.18 വരെ |
| | ഡോ.അനീഷ് (പി.ച്ച്.സി) | 22.11.18 മുതൽ 31.03.19 വരെ |
| | ഡോ. അൽസ മറിയം (ആയുർവേദം) | 01.04.18 മുതൽ 31.03.19 വരെ |
| | ഡോ. പ്രസൂൺ (ഹോമിയോ) | 01.04.18 മുതൽ 31.03.19 വരെ |

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | വിഷയം |
|---|---|---|
| ഭാഗം I പൊതു അവലോകനം | | |
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷികധനകാര്യപത്രിക |
| 2 | 1-3 | സാമ്പത്തിക വിശകലനം (R&P പ്രകാരം) |
| 3 | 1-4 | ഫണ്ട് വിനിയോഗം (ACR പ്രകാരം) |
| 4 | 1-5 | പദ്ധതി അവലോകനം. |
| 5 | 1-6 | തൊഴിലുറപ്പ് പദ്ധതി |
| 6 | 1-7 | ക്ഷേമപദ്ധതികൾ |
| 7 | 1-8 | ക്യാഷ് വെരിഫിക്കേഷൻ |
| 8 | 1-9 | ആഭ്യന്തരനിയന്ത്രണം |
| 9 | 1-10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 11 | 1-11 | വാർഷികകണക്കുകളിലെ അപാകതകൾ |
| 12 | 1-12 | ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ - പൊതു അപാകതകൾ |
| | | |

| | | |
|---|---|---|
| 13 | 1-13 | ബിൽഡിംഗ് പ്ലാൻ - അപാകതകൾ |
| 14 | 1-14 | വസ്തു നികുതി കുറവായി ഈടാക്കി |
| 15 | 1-15 | ഡി & ഒ/ഫാക്ടിയോസ് ലൈസൻസ് പരിശോധന - അപാകതകൾ |
| 16 | 1-16 | തൊഴിൽ നികുതി - അപാകതകൾ |
| 17 | 1-17 | കെട്ടിട വാടക - അപാകതകൾ |
| 18 | 1-18 | ടെണ്ടർ ഫോമിന്റെ വില പഞ്ചായത്ത് ഫണ്ടിലേക്ക് വരവ് വച്ചിട്ടില്ല. |
| 19 | 1-19 | നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം- കളക്ഷൻ ചാർജ് പഞ്ചായത്ത് ഫണ്ടിലേക്ക് വരവ് വച്ചിട്ടില്ല. |
| 20 | 1-20 | വനിത വ്യവസായ കേന്ദ്രം അറ്റകുറ്റപണി -അപാകത - അധികം നൽകിയത് 18057 രൂപ |
| 21 | 1-21 | കുറ്റിപ്പറമ്പ് അംഗനവാടി റിപ്പയർ -അപാകത - അധികം നൽകിയത് 8280 രൂപ |
| 22 | 1-22 | PHC പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കൽ -അപാകത - അധികം നൽകിയത് 11421 രൂപ |
| 23 | 1-23 | പുതിയാട്ട് പടി ഡാനിഡ റോഡ് സൈഡ് കെട്ടൽ - കരാറുകാരന് അധിക തുക നൽകി - നഷ്ടം 2498 രൂപ പഞ്ചായത്ത് ഫണ്ടിലേക്ക് തിരിച്ചടച്ചു. |
| 24 | 1-24 | പൈങ്ങോട്ടൂർ അംഗനവാടി റിപ്പയർ -അപാകത - അധികം നൽകിയത് 2791 രൂപ |
| 25 | 1-25 | മൃഗാശുപത്രി കെട്ടിടം അറ്റകുറ്റപണി -അപാകത - അധികം നൽകിയത് 10364 രൂപ |
| 26 | 1-26 | തേനേരിപ്പാടം അംഗനവാടി കെട്ടിടം അറ്റകുറ്റപണി - അധികം നൽകിയത് 9272 രൂപ |
| 27 | 1-27 | സിമന്റ് കോൺക്രീറ്റിംഗ് - റോഡ് കോൺക്രീറ്റ് പ്രവൃത്തികളിൽ അനാവശ്യ ചെലവ് |
| 28 | 1-28 | പ്രവൃത്തി വൈകി പൂർത്തീകരിച്ചതിന് പിഴ ഈടാക്കിയില്ല. |
| 29 | 1-29 | ജലനിധി പദ്ധതി- ഗുണഭോക്താക്കൾക്ക് പദ്ധതിയുടെ പ്രയോജനം മുഴുവനായി ലഭിക്കുന്നില്ല |
| 30 | 1-30 | കുറ്റിപ്പറമ്പ് സബ്സെന്റർ റിപ്പയർ -അപാകത – ആദായ നികുതി കുറവായി ഈടാക്കി |
| 31 | 1-31 | PRICE സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ ഡാറ്റയിൽ 10% ഓവർഹെഡ് ചാർജ്ജ് അനുവദിക്കുന്നു |
| 32 | 1-32 | പൊതു മരാമത്ത് പ്രവൃത്തികൾ - അവലോകനം |
| | | |

| | | |
|---|---|---|
| 33 | 1-33 | തിരുവങ്ങാട്ട് താഴം അംഗൻവാടി കെട്ടിട നിർമ്മാണം - എസ്റ്റിമേറ്റ് തയ്യാറാക്കിയതിൽ ഇലക്ട്രിഫിക്കേഷന് പ്രൊവിഷൻ വച്ചില്ല - അപാകത |
| 34 | 1-34 | പൊതു ടാപ്പുകൾ - സംയുക്ത പരിശോധന നടത്തി വിവരം അറിയിക്കേണ്ടതാണ് |
| 35 | 1-35 | തെരുവ് വിളക്ക് സ്ഥാപിക്കൽ- അപാകതകൾ |
| 36 | 1-36 | പൂർത്തീകരണ/ വിനിയോഗ വിവരം ലഭ്യമല്ല- ചെലവ് തുക തടസ്സം ചെയ്യുന്നു. |
| 37 | 1-37 | ഓണം പ്രത്യേക ഉത്സവബത്ത കൈപറ്റിയത് തിരിച്ചടവാക്കിയില്ല |
| 38 | 1-38 | മിഷൻ ഫസ്റ്റ് എയ്ഡ്- തുടർ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പക്കിയിട്ടില്ല. |
| 39 | 1-39 | ഗ്രാമം ആരാമം പദ്ധതി- അപാകത സംബന്ധിച്ച് |
| 40 | 1-40 | പാലിയേറ്റീവ് രോഗികൾക്കുള്ള മരുന്ന് ലഭ്യമായിട്ടില്ല. |
| 41 | 1-41 | തുല്യതാ പരീക്ഷാ- നിർവ്വഹണത്തിലെ അപാകത |
| 42 | 1-42 | അംഗനവാടി പൂരകപോഷകാഹാരപരിപാടി - അപാകതകൾ |
| 43 | 1-43 | പശുവളർത്തൽ - വനിത (ജനറൽ) അപാകതകൾ |
| ഭാഗം II വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| ഭാഗം III ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 44 | 3-1 | വനിത വ്യവസായ കേന്ദ്രം അറ്റകുറ്റപണി -അപാകത - അധികം നൽകിയത് 18057 രൂപ |
| 45 | 3-2 | കുറ്റിപ്പുറമ്പ് അംഗനവാടി റിപ്പയർ -അപാകത - അധികം നൽകിയത് 8280 രൂപ |
| 46 | 3-3 | PHC പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കൽ -അപാകത - അധികം നൽകിയത് 11421 രൂപ |
| 47 | 3-4 | പൈങ്ങോട്ടൂർ അംഗനവാടി റിപ്പയർ -അപാകത - അധികം നൽകിയത് 2791 രൂപ |
| 48 | 3-5 | മൃഗാശുപത്രി കെട്ടിടം അറ്റകുറ്റപണി -അപാകത - അധികം നൽകിയത് 10364 രൂപ |
| 49 | 3-6 | തേനേരിപ്പാടം അംഗനവാടി കെട്ടിടം അറ്റകുറ്റപണി - അധികം നൽകിയത് 9272 രൂപ |
| 50 | 3-7 | അംഗനവാടി പൂരകപോഷകാഹാരപരിപാടി - അപാകതകൾ |
| ഭാഗം –IV പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| | | |

| | | |
|---|---|---|
| 51 | 4-1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം |
| 52 | 4-2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 53 | 4-3 | നിക്ഷേപ പ്രവർത്തികൾക്ക്(Deposit Work) നൽകിയ തുകയുടെ വിവരങ്ങൾ |
| 54 | 4-4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 55 | 4-5 | വായ്പ/ വായ്പ തിരിച്ചടവ് |
| 56 | 4-6 | സ്ഥിര നിക്ഷേപങ്ങൾ |
| 57 | 4-7 | ഓഡിറ്റ് റിക്കവറി |
| 58 | 4-8 | സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. |
| 59 | 4-9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം |
| 60 | 4-10 | ഓഡിറ്റ് പ്രത്യവലോകനം |
| 61 | 4-11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| ഭാഗം V -അനുബന്ധങ്ങൾ | | |
| 62 | Annexure 1 | Audit Certificate |
| 63 | അനുബന്ധം2 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |
| 64 | അനുബന്ധം3 | വാർഷിക കണക്ക് സംക്ഷിപ്തം-പകർപ്പ് |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

20.03.2018 തീയതിയിലെ 1 - ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ/പരിഷ്കരിച്ച ബജറ്റ് 11.02.2019 തീയതിയിലെ 1 - ാം നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 15.05.2019 | | |

## 1-3 സാമ്പത്തിക വിശകലനം (R&Pപ്രകാരം)

| ഇനം | 2018-19 |
|---|---|
| മുന്നിരിപ്പ് | 1,51,18,419.85 |
| വരവ് | 11,70,99,585 |
| ആകെ | 13,22,18,004.85 |
| ചെലവ് | 10,14,29,479 |
| നീക്കിയിരിപ്പ് | 3,07,88,525.85 |

## 1-4 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| | | | | | |

| | | | | | | |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | | 0 | 1,60,85,857 | 1,60,85,857 | 1,52,45,711 | 0 |
| വികസന ഫണ്ട്-എസ്.സി.പി | | 0 | 73,93,000 | 73,93,000 | 69,29,279 | |
| മെയിന്റനൻസ്, റോഡ് | | 0 | 72,68,000 | 72,68,000 | 70,51,985 | |
| മെയിന്റനൻസ്, നോൺ-റോഡ് | | 0 | 33,71,000 | 33,71,000 | 33,71,000 | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | | 0 | 74,82,000 | 74,82,000 | 47,63,205 | |
| ദുരിതാശ്വാസനിധി | | 0 | 10,90,875 | 10,90,875 | 10,90,875 | |
| എെ.സി.ഡി.എസ് | | 47,58,580 | 12,72,275 | 60,30,855 | 15,00,000 | 45,30,855 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | | 27,68,920 | 27,68,920 | 26,17,020 | 1,51,900 |
| | ജില്ലാ പഞ്ചായത്ത് | | 12,14,550 | 12,14,550 | 10,72,750 | 1,41,800 |
| തൊഴിലുറപ്പ് പദ്ധതി | ഭരണചെലവുകൾ | 114855 | 694468 | 809323 | 774814 | 34509 |
| | ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | 0 | 24807364 | 24807364 | 24807364 | 0 |
| ബി ഫണ്ട് | | 0 | 4,75,69,800 | 4,75,69,800 | 4,75,69,800 | 0 |
| തനത് ഫണ്ട് (SBI E-Payment, Chelembra SCB, Treasury TSB) | | 7960586 | 54847186 | 62807772 | 40785926 | 22021846 |
| കനറാ ബാങ്ക് ജലനിധി | | 4856713 | 23043079 | 27899792 | 22217132 | 5682660 |
| കെ. ജി. ബി – ലൈഫ് | | 0 | 2611585 | 2611585 | 2611585 | 0 |
| SMGB – Total Sanitation | | 1926509 | 919677 | 2846186 | 200236 | 2645950 |

(കുറിപ്പ് : തൊഴിലുറപ്പ് പദ്ധതി ഭരണചെലവ് വാർഷിക ധനകാര്യ പത്രികയിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ഖണ്ഡിക 1.11-ൽ)

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 256 | 9,18,79,493 | 179 | 6,20,49,324 | | 77 | 70% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 1,14,855 | 6,94,468 | 8,09,323 | 7,74,814 | 34,509 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 2,48,07,364 | 2,48,07,364 | 2,48,07,364 | 0 |

കുറിപ്പ്: AFS ലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല. ഖണ്ഡിക 1-11 കാണുക.

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1,42,800 | 91 |
| കർഷകതൊഴിലാളി പെൻഷൻ | 46,99,300 | 19 |
| വിധവ പെൻഷൻ | 1,19,71,300 | 122 |
| വാർദ്ധക്യകാല പെൻഷൻ | 2,43,31,100 | 192 |
| വികലാംഗപെൻഷൻ | 49,10,400 | 24 |
| വിവാഹധനസഹായം | 5,40,000 | 18 |
| 50 വയസ്സിനു മുകളിൽ അവിവാഹിത പെൻഷൻ | 9,74,900 | 08 |

# 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 06.11.2019 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. അതാത് ദിവസം തന്നെ ബാങ്കിൽ അടവാക്കുന്നതിനാൽ കാഷ് ബാലൻസ് നീക്കിയിരിപ്പില്ല

# 1-9 ആഭ്യന്തരനിയന്ത്രണം

1. വസ്തുനികുതി കണക്കാക്കുന്നതിൽ മേൽക്കൂരക്കുള്ള ഇളവ് കെട്ടിടത്തിന് മൊത്തം കണക്കാക്കുന്നതുമൂലം ഈയിനത്തിലുള്ള വരുമാനത്തിൽ കുറവ് സംഭവിച്ചുവരുന്നുണ്ട്.

2. ഡി ആന്റ് ഒ ലൈസൻസ് അനുവദിക്കുന്നതിലും പുതുക്കുന്നതിലും വേണ്ടത്ര ശ്രദ്ധ പുലർത്തുന്നില്ല

3. ഗ്രാമപഞ്ചായത്ത് പരിധിയിലെ തെരുവ് വിളക്കുകളുടെ എണ്ണം (ബൾബ്, ട്യൂബ്, സി.എഫ്.എൽ, എൽ.ഇ.ഡി മുതലായവ) അവ സ്ഥാപിച്ച സ്ഥലം എന്നിവ രേഖപ്പെടുത്തുന്നതിന് രജിസ്റ്റർ കാലികമാക്കിയിട്ടില്ല

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 28.09.19 | 2019 മെയ് മുതൽ ആഗസ്റ്റ് വരെ | 28.09.19 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 25.01.19 | 2013-14 മുതൽ 2017-18 വരെ | 11.03.19 |

# 1-11 വാർഷികകണക്കുകളിലെ അപാകതകൾ

1. അക്രൂവൽ അടിസ്ഥാനത്തിലേക്ക് മാറുന്ന സാമ്പത്തിക വർഷത്തിന് മുമ്പുള്ള ആസ്തികളുടെ മൂല്യം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

2. ആസ്തികളുടെ തേയ്മാനം സംബന്ധിച്ച വിവരങ്ങൾ ചേർത്ത് രജിസ്റ്റർ കാലികമാക്കാത്തതിനാൽ ബാലൻസ് ഷീറ്റ് പ്രകാരം സ്ഥാപനത്തിന്റെ ആസ്തിയായി കാണിച്ച തുകകളുടെ കൃത്യത ആസ്തി രജിസ്റ്ററുമായി ഒത്തുനോക്കാൻ കഴിഞ്ഞില്ല.

3. വസ്തുനികുതിയിനത്തിലുള്ള കുടിശ്ശിക കണക്കുകൾ വാർഷിക ധനകാര്യപത്രികയും സഞ്ചയപത്രികയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| മുൻവർഷ AFS പ്രകാരമുള്ള കുടിശ്ശിക | സഞ്ചയപത്രിക പ്രകാരമുള്ള കുടിശ്ശിക ഡിമാന്റ് | വ്യത്യാസം |
|---|---|---|
| 2949890 | 2329448 | 620442 |

4. AFS ലെ വസ്തു നികുതി റസിഡൻഷ്യൽ, നോൺ റസിഡൻഷ്യൽ ഇനങ്ങളിലെ കളക്ഷൻ (കറന്റ്&അരിയർ) തുകകൾ സഞ്ചയപത്രികയുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | AFS പ്രകാരമുള്ള കളക്ഷൻ | സഞ്ചയപത്രിക പ്രകാരമുള്ള കളക്ഷൻ | വ്യത്യാസം |
|---|---|---|---|
| അരിയർ | 981727 | 1004773 | 23046 |
| തൻവർഷം | 7381380 | 7416587 | 35207 |

5. ബാലൻസ് ഷീറ്റ് B4 ഷെഡ്യൂളിൽ ഉൾപ്പെട്ട, ചുവടെ ചേർത്ത പ്രത്യേക ഗ്രാന്റ് അനുവദിച്ചത് അതേ ആവശ്യത്തിനുള്ള പ്രത്യേക ബാങ്ക് (B-17) അക്കൗണ്ടുമായി പൊരുത്തപ്പെടുന്നില്ല.

| കോഡ് | ഇനം | B-4 | B-17 | വ്യത്യാസം |
|---|---|---|---|---|
| 320300102 | ജലനിധി | 5053109 | 5682660 | 629551 |

6. ബാലൻസ് ഷീറ്റ് B4 ഷെഡ്യൂളിൽ ഉൾപ്പെട്ട, ചുവടെ ചേർത്ത ചെലവഴിക്കാനവശേഷിക്കുന്ന പ്രത്യേക ഉദ്ദേശ ഗ്രാന്റുകളുടെ ACR സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ആയതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

| കോഡ് | പർട്ടിക്കുലർസ് | തുക |
|---|---|---|
| 320100121 | Centrally Sponsored scheme-Integrated Child Development Scheme(ICDS) | 4530855 |
| 320300199 | Grants-Funds-Contributions for Specific purpose-Other Govt. Agencies | 58385 |
| 320800101 | Beneficiary Contribuitions | 27300 |

7. B-9 ഷെഡ്യൂൾ പ്രകാരം ബാധ്യതയുള്ളതായി രേഖപ്പെടുത്തിയ ചുവടെ ചേർത്ത ഇനങ്ങളിലെ തുകകൾ 2019 മാർച്ച് മാസത്തിലെ ശമ്പള ബിൽ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല.

| കോഡ് | ഇനം | AFS പ്രകാരം | ശമ്പള ബിൽ പ്രകാരം | വ്യത്യാസം |
|---|---|---|---|---|
| 350110102 | Employee liabilities-Pension Contributions payable | 51784 | 44108 | 7676 |
| 350200199 | Recoveries payable-Other recoveries from Employees | 14664 | 14901 | 237 |

8. ജീവനക്കാരുടെ തൊഴിൽ നികുതി തൻവർഷ ഡിമാന്റ് 2551470 ആണ് (AFS പ്രകാരം), എന്നാൽ രജിസ്റ്റർ പ്രകാരം ഡിമാന്റും കലക്ഷനും 2534720 ആണ്. വ്യത്യാസത്തിന് കാരണം വ്യക്തമാക്കിയിട്ടില്ല.

9.സ്റ്റോക്ക് രജിസ്റ്ററിൽ സ്റ്റോക്കിന്റെ മൂല്യം രേഖപ്പെടുത്തിയിട്ടില്ല.

10. മുൻവർഷ വാർഷിക കണക്ക് പരിശോധനയിൽ സൂചിപ്പിച്ച അപാകതകൾ പരിഹരിച്ചിട്ടില്ല (2017-18 ഓഡിറ്റ് റിപ്പോർട്ട്, പാര-1-12).

11. ബിൽഡിംഗ് പെർമിറ്റ് ഫീസ് ഇനത്തിൽ 522426 രൂപയും റഗുലറൈസേഷൻ ഫീസ് ഇനത്തിൽ 30312 രൂപയും AFSൽ വരവ് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ രജിസ്റ്ററുകളിൽ സംക്ഷിപ്തം തയ്യാറാക്കി സമർപ്പിച്ചിട്ടില്ലാത്തതിനാൽ ആയതിന്റെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

12. തൊഴിലുറപ്പ് പദ്ധതിയുടെ ഭരണച്ചെലവായി വാർഷിക പത്രികയിൽ രേഖപ്പെടുത്തിയിരിക്കുന്നത് (RP-16 പ്രകാരം) 72,601/- രൂപയാണ്. എന്നാൽ പഞ്ചായത്തിൽ ലഭ്യമായ രേഖകൾ പ്രകാരം യഥാർത്ഥ ചെലവ് 7,74,814/- രൂപയാണ്. NREGA-ക്ക് നൽകുന്ന അഡ്വാൻസ് തുക പിന്നീട് ചെലവ് ആയി അഡ്ജസ്റ്റ് ചെയ്യാത്തത് കൊണ്ടാണ് ഇങ്ങനെ സംഭവിച്ചത്.

## 1-12 ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ - പൊതു അപാകതകൾ

2018-19 വർഷത്തിലെ പെർമിറ്റ്/ക്രമവത്കരണ നടപടിക്രമങ്ങളുടെ സംക്ഷിപ്തം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| തൻ വർഷത്തെ ആകെ അപേക്ഷകൾ | 456 |
| പെർമിറ്റ് നൽകിയത് | 273 |
| ക്രമവൽക്കരിച്ചത് | 94 |
| തീർപ്പാക്കാത്തത് | 89 |

പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു.

1. നിർമ്മാണങ്ങളെ നിയന്ത്രണത്തിൽ കൊണ്ടുവരേണ്ടതാണ്

മേൽ പട്ടിക പ്രകാരം, 2018-19 സാമ്പത്തിക വർഷത്തിൽ 367 അപേക്ഷകൾ തീർപ്പാക്കിയതിൽ 94 എണ്ണം ക്രമവത്കരണങ്ങളാണ്. ക്രമവത്കരണങ്ങളുടെ എണ്ണം കൂടി നിൽക്കുന്നത് പഞ്ചായത്തിന് നിർമ്മാണങ്ങളുടെ മേൽ കൃത്യമായ നിയന്ത്രണമില്ല എന്നാണ് സൂചിപ്പിക്കുന്നത്. കെട്ടിട നിർമ്മാണങ്ങളെ യഥാസമയം കണ്ടെത്തി നിയന്ത്രണത്തിൽ കൊണ്ടുവരേണ്ടതാണ്.

2. പെർമിറ്റ് രജിസ്റ്റർ കലണ്ടർ വർഷം അടിസ്ഥാനത്തിൽ നിലനിർത്തുന്നു

പഞ്ചായത്തിൽ കലണ്ടർ വർഷം അടിസ്ഥാനത്തിലാണ് രജിസ്റ്റർ നിലനിർത്തുന്നത്. ഇങ്ങനെ ചെയ്യുന്നത് പഞ്ചായത്തിന്റെ പൊതുവായ അക്കൗണ്ടിംഗ് നയങ്ങൾക്ക് വിരുദ്ധമാണ്. പെർമിറ്റ് രജിസ്റ്ററിൽ അപേക്ഷകൾ സാമ്പത്തിക വർഷത്തിന്റെ അടിസ്ഥാനത്തിലാണ് നിലനിർത്തേണ്ടത്.

3. മുൻവർഷങ്ങളിൽ നടപടിക്രമങ്ങൾ പൂർത്തിയാക്കാനുള്ള എല്ലാ കെട്ടിട നിർമ്മാണങ്ങളുടെയും വിവരങ്ങൾ തൻവർഷ പെർമിറ്റ് രജിസ്റ്ററിലേക്ക് മാറ്റി എഴുതുന്നില്ല

മുൻ വർഷങ്ങളിലെ കെട്ടിടനിർമാണങ്ങൾ നടപടിക്രമങ്ങൾ പൂർത്തിയാക്കാതെ അവശേഷിക്കുന്നുണ്ട്. ഇങ്ങനെ നിലനിൽക്കുന്ന കെട്ടിടനിർമ്മാണങ്ങളുടെ വിവരങ്ങൾ നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നത് വരെ അടുത്ത വർഷത്തെ പെർമിറ്റ് രജിസ്റ്ററിലേക്ക് മാറ്റിയെഴുതേണ്ടതാണ്. എന്നാൽ പഞ്ചായത്തിലെ മുൻ വർഷങ്ങളിലെ പെർമിറ്റ് രജിസ്റ്ററുകൾ പ്രകാരം നടപടിക്രമങ്ങൾ പൂർത്തിയാക്കാനുള്ള എല്ലാ നിർമ്മാണങ്ങളെയും തൻവർഷത്തിലെ പെർമിറ്റ് രജിസ്റ്ററിലേക്ക് മാറ്റി എഴുതുന്നില്ല. ഇതു കാരണം തൻവർഷത്തിൽ കെട്ടിടനിർമ്മാണം/ക്രമവത്കരണ നടപടികൾ പൂർത്തീകരിച്ച എല്ലാ അപേക്ഷകളും രജിസ്റ്ററിൽ വരാത്ത സ്ഥിതിവിശേഷമുണ്ട്.

ആവശ്യമായ നടപടികൾ സ്വീകരിക്കാമെന്ന് ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം. 01/13.11.19-നുള്ള മറുപടിയിൽ സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

## 1-13 ബിൽഡിംഗ് പ്ലാൻ - അപാകതകൾ

1. നിലം ഭൂമിയിൽ കെട്ടിടനിർമ്മാണം

ഫയൽ നം. 1863/18 തീയ്യതി 28.02.18 പ്രകാരം 2018-19 വർഷത്തിൽ ശ്രീ. അബ്ദുന്നാസർ, ശ്രീ. ഉണ്ണിമൊയ്തീൻ എന്നവർക്ക് 179.49 ചതുരശ്രമീറ്റർ തറവിസ്തീർണ്ണം (Plinth Area) ഉള്ള വാണിജ്യകെട്ടിടത്തിന്റെ നിർമ്മാണത്തിന് പെർമിറ്റ് നൽകിയിരുന്നു. കെട്ടിടം നിൽക്കുന്ന ഭൂമിയുടെ (ബ്ലോക്ക് 1, സർവ്വേ നം. 98/16-4) തരം കൈവശാവകാശ സർട്ടിഫിക്കറ്റ് പ്രകാരം "നിലം" എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ഭൂമി തരം മാറ്റിയ ഉത്തരവ് ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം. 02/13.11.19-നുള്ള മറുപടിയിൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 22.12.2016-ലെ 994733/ആർ എ1/2016 നം. സർക്കുലർ പ്രകാരം സെക്രട്ടറി, കൃഷി ഓഫീസർ, വില്ലേജ് ഓഫീസർ എന്നിവരടങ്ങിയ നിലം കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് കെട്ടിട-നിർമ്മാണത്തിന് പെർമിറ്റ് നൽകിയത് എന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. എന്നാൽ 31.12.2017-മുതൽ പ്രാബല്യത്തിൽ വന്ന 2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമം പ്രകാരം മേൽപറഞ്ഞ നടപടിക്രമം അസാധുവാകുകയും, ഈ തരത്തിൽപെട്ട ഭൂമിയുടെ സ്വഭാവ വ്യതിയാനം വരുത്തി അനുമതി നൽകാനുള്ള അധികാരം ആർ.ഡി.ഒ-ൽ നിക്ഷിപ്തമാക്കുകയും ചെയ്തിട്ടുണ്ട്. ആ നിലക്ക് കെട്ടിട-നിർമ്മാണത്തിന് അനുമതി നൽകിയത് ഗുരുതരമായ ചട്ടലംഘനമാണ്.

2. കെട്ടിടത്തിന് പാർക്കിംഗ് ഏരിയ കുറവ്

ഫയൽ നം. 10538/18 തീയ്യതി 20.10.18 പ്രകാരം 2018-19 വർഷത്തിൽ ശ്രീ. അബ്ദുള്ളക്കോയ തങ്ങൾ, ശ്രീ. റിയാസ്, ശ്രീ. ഉനൈസ് എന്നവർക്ക് 985.53 ചതുരശ്രമീറ്റർ തറവിസ്തീർണ്ണം (Plinth Area) ഉള്ള സംഭരണ കെട്ടിടത്തിന്റെ (Group H) നിർമ്മാണത്തിന് പെർമിറ്റ് നൽകിയിരുന്നു. കെട്ടിടത്തിന് പാർക്കിംഗ് സ്പേസ് കുറവാണ്. കെട്ടിടത്തിന് വേണ്ട യഥാർത്ഥ പാർക്കിംഗ് യൂണിറ്റുകൾ ചുവടെ നിർണ്ണയിച്ചിട്ടുണ്ട്.

| | |
|---|---|
| കെട്ടിടത്തിന്റെ ആകെ കാർപ്പെറ്റ് ഏരിയ (പെർമിറ്റിലെ പ്ലാൻ പ്രകാരം) | 788.42 ച. മീ. |
| കെട്ടിടത്തിന് ആവശ്യമായ പാർക്കിംഗ് സ്പേസ് (ഓരോ 200 ച. മീ. കാർപ്പറ്റ് ഏരിയക്ക് 1 യൂണിറ്റ്) | 788.42/200 = 3.94 ~ 4 |
| നിലവിൽ ലഭ്യമാക്കിയ പാർക്കിംഗ് സ്പേസ് | 3 |
| പാർക്കിംഗ് യൂണിറ്റുകളുടെ കുറവ് | 1 |

കെട്ടിടത്തിന് അനിവാര്യമായ പാർക്കിംഗ് സ്പേസ് ലഭ്യമാക്കി നിർമ്മാണം നിയമാനുസൃതമാക്കേണ്ടതാണ്. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം. 02/13.11.19-നുള്ള മറുപടിയിൽ നിർമ്മാണം നിയമാനുസൃതമാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

# 1-14 വസ്തു നികുതി കുറവായി ഈടാക്കി

1. മേൽക്കൂരക്കുള്ള ഇളവ് കെട്ടിടത്തിന് മൊത്തമായി നൽകി

2018-19 വർഷത്തിൽ നിർമ്മാണം പൂർത്തിയായ ശ്രീ. ജാഗിർ അൻവർ എന്നവരുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന് IV/191F മുതൽ IV/191H വരെ നമ്പർ നൽകി വസ്തുനികുതി ഈടാക്കിയിരുന്നു. കെട്ടിടത്തിന്റെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| നില | തറവിസ്തീർണ്ണം (ച. മീ.) | കെട്ടിട നം. |
|---|---|---|
| ഭൂനിരപ്പ് നില | 593.88 | IV/191F |
| മെസാനിൻ നില | 42.95 | IV/191G |
| രണ്ടാം നില | 332.63 | IV/191H |
| ആകെ | 969.46 | |

കെട്ടിടത്തിന്റെ ഭൂനിരപ്പ് നിലക്ക് കോൺക്രീറ്റ് മേൽക്കൂരയും, ഒന്നാം നില, മെസാനിൻ നില എന്നിവക്ക് ഷീറ്റ് കൊണ്ടുള്ള മേൽക്കൂരയുമാണ്. എന്നാൽ വസ്തു നികുതി കണക്കാക്കിയപ്പോൾ കുറഞ്ഞ തരം മേൽക്കൂരക്കുള്ള 10% ശതമാനം കിഴിവ് കെട്ടിടത്തിന് മൊത്തമായി കൊടുത്തതായി കാണുന്നു. 2011-ലെ കേരള പഞ്ചായത്ത് രാജ്

(വസ്തുനികുതിയും, ഉപനികുതിയും, സർചാർജും) ചട്ടങ്ങളിലെ ചട്ടം 6, പട്ടിക 4 പ്രകാരം ഈ കിഴിവ് ഭൂനിരപ്പ് നിലക്ക് ബാധകമല്ല. ഭൂനിരപ്പ് നിലയുടെ (കെട്ടിട നം. IV/191F) യഥാർത്ഥ വസ്തു-നികുതി താഴെ പറയും പ്രകാരം പുനർനിർണ്ണയിക്കേണ്ടതാണ്.

| | |
|---|---|
| കെട്ടിട നം. | IV/191F |
| തറവിസ്തീർണ്ണം (ച. മീ.) | 593.88 |
| അടിസ്ഥാന വസ്തുനികുതി | 593.88 X 80 = 47510 |
| ഇളവ്/വർദ്ധനവ് ഉൾപ്പെടെയുള്ള നികുതി | 57,013 (വഴിസൗകര്യത്തിന് 20% വർദ്ധനവ്) |
| ഈടാക്കിയ നികുതി | 52,262 |
| വ്യത്യാസം | 4751 |

വ്യത്യാസമായി കാണുന്ന തുക ലൈബ്രറി സെസ് സഹിതം ഈടാക്കേണ്ടതാണ്. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം. 03/13.11.19–നുള്ള മറുപടിയിൽ വസ്തുനികുതി പുനർനിർണ്ണയിച്ച് കെട്ടിട ഉടമയിൽ നിന്നും ഈടാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

<u>2. കുറഞ്ഞ നിരക്ക് നൽകി നികുതി നിർണ്ണയിച്ചു</u>

2015-16 മുതൽ വസ്തു-നികുതി ചുമത്തി വരുന്ന ശ്രീ. തായഞ്ചേരി ഹസ്സൻകുട്ടി എന്നവരുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന്റെ VII/449B നം. മുറിക്ക് വസ്തുനികുതി കണക്കാക്കിയതിൽ കുറവ് വന്നിട്ടുണ്ട്. 121.96 ചതുരശ്ര മീറ്റർ തറവിസ്തീർണ്ണമുള്ള ടി മുറിക്ക് കുറഞ്ഞ നിരക്കിലുള്ള (ച. മീറ്ററിന് 40/- രൂപ) നികുതിയാണ് ഈടാക്കിയിട്ടുള്ളത്. 100 ചതുരശ്ര മീറ്ററിൽ കുടുതൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക്/മുറികൾക്ക് നികുതി നിരക്ക് ച. മീറ്ററിന് 60/- രൂപ ആണ്. മുറിയുടെ യഥാർത്ഥ നികുതി ചുവടെ നിർണ്ണയിക്കുന്നു.

| | |
|---|---|
| മുറിയുടെ തറവിസ്തീർണ്ണം | 121.96 ച. മീ. |
| അടിസ്ഥാന വസ്തുനികുതി | 7318 (121.96 X 60) |
| വാർഷിക വസ്തുനികുതി (വർദ്ധനവ്/ കുറവ് ഉൾപ്പെടെ) | 8782 (20% വർദ്ധനവ് വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ) |
| ഈടാക്കിയ നികുതി | 5855 |
| വ്യത്യാസം | 2927 |

മേൽ പട്ടികയിൽ സൂചിപ്പിച്ച പോലെ വസ്തു നികുതി പുനർനിർണ്ണയിക്കേണ്ടതും, 2015-16 മുതലുള്ള നികുതി കുടിശ്ശിക (ലൈബ്രറി സെസ് ഉൾപ്പെടെ) ഈടാക്കേണ്ടതുമാണ്. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം. 06/14.11.19–നുള്ള മറുപടിയിൽ ആവശ്യമായ നടപടികൾ സ്വീകരിക്കാമെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

# 1-15 ഡി & ഒ/ഫാക്ടറീസ് ലൈസൻസ് പരിശോധന - അപാകതകൾ

2018-19 വർഷത്തിൽ ഗ്രാമ പഞ്ചായത്ത് ഡി & ഒ ലൈസൻസ്/ഫാക്ടിയോസ് ലൈസൻസ് നൽകിയതിന്റെ സംക്ഷിപ്തം ചുവടെ കൊടുക്കുന്നു

| | |
|---|---|
| 2017-18 വർഷത്തിൽ ആകെ നൽകിയ ലൈസൻസുകൾ | 436 |
| 2018-19 വർഷത്തിൽ നൽകിയ ലൈസൻസുകൾ | 424 |
| 2018-19 വർഷത്തിൽ പുതുക്കി നൽകിയ ലൈസൻസുകൾ | 376 |
| 01.04.2018 മുമ്പ് പുതുക്കി നൽകിയത് | 211, (48%) |
| 2018-19 വർഷത്തിൽ പുതിയതായി നൽകിയ ലൈസൻസുകൾ | 48 |

പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു

1. മുൻ വർഷങ്ങളിൽ ലൈസൻസ് നേടിയ എല്ലാ സ്ഥാപനങ്ങളും ലൈസൻസ് പുതുക്കുന്നില്ല

മേൽ പട്ടിക പ്രകാരം 2017-18 വർഷത്തിൽ ആകെ 436 സ്ഥാപനങ്ങൾ ലൈസൻസ് നേടിയതിൽ, 376 സ്ഥാപനങ്ങൾ മാത്രമാണ് 2018-19 വർഷത്തിൽ ലൈസൻസ് പുതുക്കിയിട്ടുള്ളത്. ബാക്കിയുള്ള 60 സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കിയിട്ടില്ല. 1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ പട്ടിക 1-ൽ വരുന്ന പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും ഡി & ഒ/ഫാക്ടിയോസ് ലൈസൻസ് നേടേണ്ടതും യഥാസമയം പുതുക്കേണ്ടതുമാണ്.

2. ലൈസൻസുകൾ പുതുക്കുന്നതിന് കാലതാമസം നേരിടുന്നു

1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തുള്ള സ്ഥാപനങ്ങൾ ഡി & ഒ/ ഫാക്ടിയോസ് ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു വർഷവും അവസാനിക്കുന്നതിന് മുപ്പത് ദിസവത്തിനുള്ളിൽ സമർപ്പിക്കേണ്ടതും ഗ്രാമപഞ്ചായത്ത് സെക്രട്ടറി സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് മുമ്പ് ലൈസൻസ് പുതുക്കി നൽകേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് 2017-18 വർഷത്തിൽ ആകെ നൽകിയിരുന്ന 436 ലൈസൻസുകളിൽ 52 % സ്ഥാപനങ്ങളുടെയും ലൈസൻസ് നൽകൽ ഈ സമയക്രമം പാലിച്ചിട്ടില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം. 7/14.11.2019-നുള്ള മറുപടിയിൽ എൻ.എച്ച് വികസനവുമായി ബന്ധപ്പെട്ട് പൊളിച്ചുമാറ്റൽ ഭീഷണിയുള്ളതിനാലാണ് സ്ഥാപനങ്ങൾ സമയബന്ധിതമായി ലൈസൻസ് നേടാതിരുന്നത് എന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

3. ലൈസൻസിന് പഴയ മാതൃക പിന്തുടരുന്നു

31.10.17-ലെ സ.ഉ (സാധാ) നം. 80/2017/ത.സ്വ.ഭ.വ പ്രകാരം ഡി & ഒ ലൈസൻസ് എന്നത് ഫാക്ടിയോസ് ലൈസൻസ് എന്ന് പുനർനാമകരണം ചെയ്യപ്പെട്ടതിന് 31.10.17 മുതൽ പ്രാബല്യമുണ്ട്. മേൽ പറഞ്ഞ ഭേദഗതിയുടെ അടിസ്ഥാനത്തിൽ വിവിധ സ്ഥാപനങ്ങളിൽ നിന്നും ഈടാക്കേണ്ട ലൈസൻസ് തുക, ലൈസൻസിന്റെ മാതൃക എന്നിവ പുതുക്കേണ്ടതാണ്. എന്നാൽ 18-19-വർഷത്തിൽ ലൈസൻസുകളെല്ലാം പഴയ മാതൃകയിലാണ് നൽകിയിട്ടുള്ളത്. ഇതുകൂടാതെ പ്ലാസ്റ്റിക്ക് കവറുകൾ കൈകാര്യം സംബന്ധിച്ച് സ്ഥാപന ഉടമ നൽകുന്ന സത്യപ്രസ്താവനയിൽ 30 മൈക്രോണിൽ കുറവ് കട്ടിയുള്ള വസ്തുക്കൾ ഉപയോഗിക്കില്ല എന്നാണ്. 2016-ലെ പുതുക്കിയ പ്ലാസ്റ്റിക്ക് മാലിന്യ സംസ്കരണ ചട്ടങ്ങൾ പ്രകാരം ഇത് 50 മൈക്രോൺ ആണ്. ലൈസൻസ് രേഖകളുടെ മാതൃക പരിഷ്കരിക്കേണ്ടതാണ്.

# 1-16 തൊഴിൽ നികുതി - അപാകതകൾ

1. കിൻഫ്ര ഐ.ടി പാർക്കിലെ സ്ഥാപനങ്ങൾ തൊഴിൽ നികുതി അടക്കുന്നില്ല

കിൻഫ്ര പാർക്കിലുള്ള നിയോ-സ്പേസ് എന്ന ഐ.ടി കെട്ടിടസമുച്ചയത്തിൽ, 22 ഐ.ടി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായി http://www.kinfraneospace.com/companies_in_park.html എന്ന വെബ്-സൈറ്റിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇതിൽ ഐപിക്സ് സൊലൂഷൻ, ഐപിക്സ് ബി.പി.ഒ, ബബിൻ ടെക്നോളജീസ്, സ്വീൻസ് ടെക്നോളജീസ്, മൈകാർഡ് ടെക്നോളജീസ് എന്നീ 5 സ്ഥാപനങ്ങൾ മാത്രമേ ഫാക്ടിയോസ് ലൈസൻസ് നേടുകയും തൊഴിൽ നികുതി അടക്കുകയും ചെയ്തിട്ടുള്ളൂ. സർക്കാർ അതോറിറ്റികളുടെ കീഴിലുള്ള വ്യവസായ/ ഐ.ടി പാർക്കുകൾക്ക് ഭേദഗതി ചെയ്ത ഫാക്ടിയോസ് ലൈസൻസ് ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഇളവുകൾ നൽകാമെങ്കിലും, തൊഴിൽ നികുതി ഇളവുകളൊന്നും നൽകേണ്ടതില്ല. കിൻഫ്ര നിയോ-സ്പേസ് കെട്ടിടത്തിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി പിരിക്കേണ്ടതാണ്.
ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം. 12/16.11.19-ന് മറുപടി ലഭിച്ചിട്ടില്ല.

2. സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കിയില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 204-ാം വകുപ്പ് പ്രകാരം പഞ്ചായത്തിന്റെ പരിധിയിലുള്ള എല്ലാ സ്ഥാപനങ്ങളും സ്ഥാപന തൊഴിൽ നികുതി അടക്കേണ്ടതാണ്. എന്നാൽ 2018-19-ൽ താഴെ കാണുന്ന സ്ഥാപനങ്ങൾ തൊഴിൽ നികുതി (സ്ഥാപനം) അടച്ചിട്ടില്ല.

| ക്രമ നം. | സ്ഥാപനം | കുറിപ്പ് |
|---|---|---|

| | | |
|---|---|---|
| 1 | ബി.എസ്.എൻ.എൽ, ചേലേമ്പ്ര | 2018-19 I & II അർദ്ധവർഷം |
| 2 | പി. പി പെട്രോളിയം | 2018-19 I & II അർദ്ധവർഷം |

ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം. 13/16.11.19-ന്റെ അടിസ്ഥാനത്തിൽ പി. പി പെട്രോളിയം എന്ന സ്ഥാപനം 2500/- രൂപ (രശീതി നം. 11902010561O തീയ്യതി 16.11.19 പ്രകാരം) 2018-19 വർഷത്തിലെ തൊഴിൽ നികുതിയായി അടവാക്കിയിട്ടുണ്ട്. ബി.എസ്.എൻ.എൽ, ചേലേമ്പ്ര എന്ന സ്ഥാപനം നോട്ടീസ് നൽകിയിട്ടും നാളിതുവരെയായി സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടില്ല എന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

## 1-17 കെട്ടിട വാടക - അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ കെട്ടിട വാടക പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു.

1. മത്സ്യ മാർക്കറ്റ് കെട്ടിടം/സ്റ്റാൾ

28.04.10-ലെ ഭരണസമിതിയുടെ 6-ാം തീരുമാനത്തിൽ അംഗീകരിച്ച ബൈലോ പ്രകാരം ഗ്രാമപഞ്ചായത്തിന്റെ മത്സ്യമാർക്കറ്റ് കെട്ടിടത്തിൽ 8 സ്റ്റാളുകളും III/602A, 602B നമ്പറുകളിൽ രണ്ട് മുറികളും ഉണ്ട്. എന്നാൽ ശ്രീ. അബ്ദുൾ ബഷീർ എന്നവർ കൈവശം വച്ചിരിക്കുന്ന 2 സ്റ്റാളുകളിൽ നിന്നും, ശ്രീ. നമ്പീരി ഹുസൈൻ, ശ്രീ. മുഹമ്മദ് ആസിഫ് എന്നിവർ യഥാക്രമം കൈവശം വച്ചിരിക്കുന്ന III/602A, 602B നം. മുറികളിൽ നിന്നു മാത്രമാണ് 2018-19 വർഷത്തിൽ വാടക ഈടാക്കിയിട്ടുള്ളത്. ടി വ്യക്തികൾ തന്നെയാണ് കാലങ്ങളായി ഈ സ്റ്റാളുകൾ/റൂമുകൾ നിലനിർത്തുന്നതും. മത്സ്യ മാർക്കറ്റ് നവീകരണം, ഇടിമൂഴിക്കൽ അങ്ങാടിയിലെ അനധികൃത മത്സ്യ കച്ചവടം എന്നീ വിഷയങ്ങൾ സംബന്ധിച്ച് ആരോഗ്യ വിദ്യാഭ്യാസ കമ്മിറ്റി 17.09.18-ന് ഭരണസമിതിയിലേക്ക് ശുപാർശ നൽകുകയും, ഭരണസമിതിയുടെ 28.09.18-ലെ യോഗത്തിൽ ഇവ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ തുടർ നടപടികളൊന്നും സ്വീകരിച്ചതായി കാണുന്നില്ല. മത്സ്യ-മാർക്കറ്റിന്റെ പ്രവർത്തനം കാര്യക്ഷമമാക്കി പഞ്ചായത്തിന്റെ വരുമാനം വർധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. വനിതാ വ്യവസായം കേന്ദ്രം കെട്ടിടം

സ്പിന്നിംഗ് മിൽ - കൈതക്കുണ്ട റോഡിൽ പ്രവർത്തിക്കുന്ന വനിതാ വ്യവസായം കേന്ദ്രത്തിന്റെ കെട്ടിടത്തിൽ (കെട്ടിട നം. IV/382C) വിജയ് ഓജസ്സി ന്യൂട്രിമിക്സ് സ്ഥാപനം പ്രവർത്തിച്ചു വരുന്നുണ്ട്. പഞ്ചായത്ത് കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ടി സ്ഥാപനത്തിൽ നിന്നും 2018-19 വർഷത്തിൽ വാടക ഇനത്തിൽ തുകയൊന്നും ഈടാക്കിയതായി കാണുന്നില്ല. മാത്രമല്ല 2010-11 മുതൽ 2016-17 വരെ 2230/- രൂപ മാസവാടകനിരക്കിലാണ് സ്ഥാപനം പ്രവർത്തിച്ചത്. 2017-18 വർഷത്തിൽ 5% വർദ്ധന വരുത്തി 2342/- മാസവാടകനിരക്കിലും. 2010-11 മുതൽ 2016-17 വരെ ഒരേ നിരക്കിൽ വാടക ഈടാക്കിയതിനും, 2018-19 വർഷത്തിൽ വാടക ഈടാക്കാത്തതിനും മറുപടി നൽകേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട ഫയലുകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം. 14/16.11.19-ന് മറുപടിയൊന്നും ലഭിച്ചിട്ടില്ല.

## 1-18 ടെണ്ടർ ഫോമിന്റെ വില പഞ്ചായത്ത് ഫണ്ടിലേക്ക് വരവ് വച്ചിട്ടില്ല.

താഴെ പറയുന്ന മരാമത്ത് പ്രവൃത്തികൾ ഇ ടെണ്ടറുകൾ വഴിയാണ് സമർപ്പിച്ചിട്ടുള്ളത്. നിലവിൽ ടെണ്ടർ ഫോറത്തിന്റെ വില എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിൽ കിടക്കുകയാണ്. പഞ്ചായത്തിന് അർഹമായ ടെണ്ടർ ഫോറത്തിന്റെ വില, എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിൽ നിന്നും പഞ്ചായത്ത് ഫണ്ടിൽ ലഭ്യമാക്കിയിട്ടില്ല.

| പ്രൊജക്റ്റ് നം | ടെണ്ടർ സമർപ്പിച്ചവരുടെ എണ്ണം | ടെണ്ടർ ഫോമിന്റെ വില | ആകെ |
|---|---|---|---|
| 241/19 | 2 | 2240 | 4480 |
| 127/19 | 3 | 1400 | 4200 |
| 202/19 | 2 | 1200 | 2400 |
| 214/19 | 3 | 1200 | 3600 |

| | | | |
|---|---|---|---|
| 146/19 | 2 | 500 | 1000 |
| 168/19 | 2 | 700 | 1400 |
| 144/19 | 2 | 500 | 1000 |
| Total | | | 18080 |

ടെണ്ടർ ഫോറത്തിന്റെ വില തനത് ഫണ്ടിൽ വരവ് വക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-19 നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം-കളക്ഷൻ ചാർജ് പഞ്ചായത്ത് ഫണ്ടിലേക്ക് വരവ് വച്ചിട്ടില്ല.

1996 ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വെൽഫെയർ സെസ്സ് നിയമം വകുപ്പ് 3(3) പ്രകാരം പ്രവൃത്തികളുടെ ആകെ മൂല്യത്തിന്റെ ഒരു ശതമാനം ബന്ധപ്പെട്ട വർക്ക് ബില്ലിൽ നിന്നും വസൂലാക്കി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിൽ ഒടുക്കേണ്ടതാണ്. ഇപ്രകാരം വസൂലാക്കി നൽകുന്ന തുകയുടെ ഒരു ശതമാനം ഇതിന്റെ കളക്ഷൻ ചാർജ് ഇനത്തിൽ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈടാക്കാവുന്നതാണ്. തൻവർഷത്തിൽ 247199 രൂപ നിർമ്മാണ തൊഴിലാളി ക്ഷേമ നിധി വിഹിതം അടവാക്കിയിട്ടുണ്ട്. ഇതിന്റെ 1% കളക്ഷൻ ചാർജ് എല്ലാ പ്രവൃത്തികളുടെ ബില്ലിൽ നിന്നും ഈടാക്കിയിട്ടില്ല. കളക്ഷൻ ചാർജ് ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. (AUDIT ENQUIRY No. 16 / 16.11.19).

## 1-20 വനിത വ്യവസായ കേന്ദ്രം അറ്റകുറ്റപണി -അപാകത - അധികം നൽകിയത് 18057 രൂപ

പ്രോജക്റ്റ് നം - 254/19

വനിത വ്യവസായ കേന്ദ്രം കെട്ടിടത്തിന്റെ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കെട്ടിടത്തിന് മുകളിൽ റൂഫിംഗ് നടത്തിയിട്ടുണ്ട്. പ്രവൃത്തിയിൽ ചെയ്ത 665.52 Kg വരുന്ന സ്റ്റീൽ വർക്ക് പ്രവൃത്തികളിൽ പർലിൻ പ്രവൃത്തികൾക്ക് (409.93Kg) ട്രസ്സ് വർക്ക് ചെയ്യുന്നതിനുള്ള 126.53/kg നിരക്കാണ് അനുവദിച്ചിട്ടുള്ളത് (DSR 10.16.1). എന്നാൽ ഈ പ്രവൃത്തിയിൽ മുഴുവൻ ചെയ്തിട്ടുള്ളത് സിംഗിൾ സെക്ഷൻ പ്രവൃത്തിയാണ്. Common Rafter,Wall plate, Post എന്നിവക്ക് സിംഗിൾ സെക്ഷന്റെ നിരക്കാണ് (81.95/kg) അനുവദിച്ചിട്ടുള്ളത്. പർലിൻ പ്രവൃത്തികൾക്ക് അനുവദിക്കാവുന്ന നിരക്ക് DSR 10.1 കോഡ് പ്രകാരമുള്ള 81.95/kg രൂപയാണ്. പ്രവൃത്തി ഓവർസിയറുടെ സാന്നിധ്യത്തിൽ 15.11.19 ന് നേരിൽ പരിശോധിച്ചു. പ്രവൃത്തിയിൽ കരാറുകാരന് 18,057 രൂപ അധികം നൽകി. വിശദ വിവരത്തിന് ഖണ്ഡിക 3-1 കാണുക.

## 1-21 കുറ്റിപ്പറമ്പ് അംഗനവാടി റിപ്പയർ -അപാകത - അധികം നൽകിയത് 7280 രൂപ

പ്രോജക്റ്റ് നം - 198/19

കുറ്റിപ്പറമ്പ് അംഗൻവാടി കെട്ടിടത്തിൻമേലുള്ള റിപ്പയർ പ്രവൃത്തികൾ 1 ലക്ഷം മൂല്യ നിർണ്ണയത്തിൽ പൂർത്തിയായിട്ടുണ്ട്. സ്റ്റീൽ വർക്കിന് അധിക തുക അനുവദിച്ചതായും പ്രവൃത്തി പൂർത്തീകരണ സമയം ദീർഘിപ്പിച്ചതിന് പിഴ ഈടാക്കാത്തതായും കാണുന്നു. വിശദ വിവരങ്ങൾക്ക് ഖണ്ഡിക 3-2 കാണുക.

## 1-22 PHC പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കൽ -അപാകത -

## അധികം നൽകിയത് 11421 രൂപ

പ്രോജക്റ്റ് നം - 159/19

PHC കെട്ടിടത്തിന്റെ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കെട്ടിടത്തിന് മുന്നിൽ റൂഫിംഗ് നടത്തിയിട്ടുണ്ട്. പ്രവൃത്തിയിൽ ചെയ്ത സ്റ്റീൽ വർക്ക് പ്രവൃത്തികൾക്ക് ട്രസ്സ് വർക്ക് ചെയ്യുന്നതിനുള്ള 126.53/kg നിരക്കാണ് അനുവദിച്ചിട്ടുള്ളത് (DSR 10.16.1). എന്നാൽ ഈ പ്രവൃത്തിയിൽ മുഴുവൻ ചെയ്തിട്ടുള്ളത് സിംഗിൾ സെക്ഷൻ പ്രവൃത്തിയായതിനാൽ അനുവദിക്കാവുന്ന നിരക്ക് DSR 10.1 കോഡ് പ്രകാരമുള്ള 81.95/kg രൂപയാണ്. പ്രവൃത്തി ഓവർസിയറുടെ സാന്നിധ്യത്തിൽ 15.11.19 ന് നേരിട്ട് പരിശോധിച്ചതിൽ നിന്നും നടത്തിയിട്ടുള്ളത് സിംഗിൾ സെക്ഷൻ പ്രവൃത്തിയാണെന്ന് വ്യക്തമായിട്ടുണ്ട്. പ്രവൃത്തിയിൽ കരാറുകാരന് 11,421 രൂപ അധികം നൽകി. വിശദ വിവരത്തിന് ഖണ്ഡിക 3-3 കാണുക.

## 1-23 പുതിയാട്ട് പടി ഡാനിഡ റോഡ് സൈഡ് കെട്ടൽ - കരാറുകാരന് അധിക തുക നൽകി - നഷ്ടം 2498 രൂപ പഞ്ചായത്ത് ഫണ്ടിലേക്ക് തിരിച്ചടച്ചു

പ്രവൃത്തിയുടെ 6-ാം ഇനം ആയി DR കെട്ടിയതിന് മുകളിൽ Top Belt ചെയ്യുന്നതിന് വേണ്ടിയുള്ള സെന്ററിങ് & ഷട്ടറിങ് പ്രവൃത്തിക്ക് ലിന്റൽ, ബീം, പ്ലിന്ത് ബീം തുടങ്ങിയ ഇനങ്ങൾക്ക് ബാധകമായ DAR 5.9.5 പ്രകാരമുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. എന്നാൽ ഈ ഇനത്തിന് DAR 5.9.1പ്രകാരമുള്ള നിരക്കാണ് അനുവദനീയമായത്. ഇൗയിനത്തിൽ അധികം നൽകിയത് സംബന്ധിച്ച് വിശദ വിവരം ഖണ്ഡിക 3-4 ൽ ചേർത്തിട്ടുണ്ട്.

## 1-24 പൈങ്ങോട്ടൂർ അംഗനവാടി റിപ്പയർ -അപാകത - അധികം നൽകിയത് 2791 രൂപ

പ്രോജക്റ്റ് നം - 80/19

കെട്ടിടത്തിന് മേൽക്കൂര നിർമ്മിച്ചപ്പോൾ പർലിൻ/സിംഗിൾ സെക്ഷൻ ഉൾപെടെയുള്ള സ്റ്റീൽ വർക്ക് പ്രവൃത്തികൾക്ക് ട്രസ്സ് വർക്ക് ചെയ്യുന്നതിനുള്ള 123.87/kg നിരക്കാണ് അനുവദിച്ചിട്ടുള്ളത് (DSR 10.16.1). എന്നാൽ ഈ പ്രവൃത്തിയിൽ 63.94 kg (Limited to Estimate) (60.901(Estimate)+5%)വരുന്ന പർലിൻ പ്രവൃത്തികൾക്ക് സിംഗിൾ സെക്ഷൻ പ്രവൃത്തിയായതിനാൽ അനുവദിക്കാവുന്ന നിരക്ക് DSR 10.1 കോഡ് പ്രകാരമുള്ള 80.22/kg രൂപയാണ്. പർലിൻ പ്രവൃത്തിക്ക് അധിക നിരക്ക് നൽകിയത് കാരണം പ്രവൃത്തിയിൽ കരാറുകാരന് 2791 രൂപ അധികം നൽകി. വിശദ വിവരം ഖണ്ഡിക 3-5 ൽ കാണുക.

## 1-25 മൃഗാശുപത്രി കെട്ടിടം അറ്റകുറ്റപണി -അപാകത - അധികം നൽകിയത് 10364 രൂപ

പ്രോജക്റ്റ് നം - 186/19

മൃഗാശുപത്രി കെട്ടിടത്തിന്റെ അറ്റകുറ്റപണിയുടെ ഭാഗമായി കെട്ടിടത്തിന് മേൽക്കൂര നിർമ്മിച്ചപ്പോൾ പർലിൻ/ സിംഗിൾ സെക്ഷൻ ഉൾപ്പെടെയുള്ള സ്റ്റീൽ വർക്ക് പ്രവൃത്തികൾക്ക് ട്രസ്സ് വർക്ക് ചെയ്യുന്നതിനുള്ള 126.53/kg നിരക്കാണ് അനുവദിച്ചിട്ടുള്ളത് (DSR 10.16.1). എന്നാൽ ഈ പ്രവൃത്തിയിൽ 96 kg വരുന്ന പർലിൻ പ്രവൃത്തികൾക്ക് സിംഗിൾ സെക്ഷൻ പ്രവൃത്തിയായതിനാൽ അനുവദിക്കാവുന്ന നിരക്ക് DSR 10.1 കോഡ് പ്രകാരമുള്ള 81.95/kg രൂപയാണ്. പർലിൻ പ്രവൃത്തിക്ക് അധിക നിരക്ക് നൽകിയത് കാരണം പ്രവൃത്തിയിൽ കരാറുകാരന് 10364 രൂപ അധികം നൽകി. വിശദ വിവരത്തിന് ഖണ്ഡിക 3-6 കാണുക.

## 1-26 തേനേരിപ്പാടം അംഗനവാടി കെട്ടിടം അറ്റകുറ്റപണി - അധികം നൽകിയത് 9272 രൂപ

പ്രോജക്റ്റ് നം - 83/19

തേനേരിപ്പാടം അംഗനവാടി കെട്ടിടത്തിന്റെ അറ്റകുറ്റപണിയുടെ ഭാഗമായി കെട്ടിടത്തിന് മേൽക്കൂര നിർമ്മിച്ചപ്പോൾ പർലിൻ/സിംഗിൾ സെക്ഷൻ ഉൾപ്പെടെയുള്ള സ്റ്റീൽ വർക്ക് പ്രവൃത്തികൾക്ക് ട്രസ്സ് വർക്ക് ചെയ്യുന്നതിനുള്ള 123.87/kg നിരക്കാണ് അനുവദിച്ചിട്ടുള്ളത് (DSR 10.16.1). എന്നാൽ ഈ പ്രവൃത്തിയിൽ 212.42 kgവരുന്ന പർലിൻ പ്രവൃത്തികൾക്ക് സിംഗിൾ സെക്ഷൻ പ്രവൃത്തിയായതിനാൽ അനുവദിക്കാവുന്ന നിരക്ക് DSR 10.1 കോഡ് പ്രകാരമുള്ള 80.22/kg രൂപയാണ്. പർലിൻ പ്രവൃത്തിക്ക് അധിക നിരക്ക് നൽകിയത് കാരണം പ്രവൃത്തിയിൽ കരാറുകാരന് 9272 രൂപ അധികം നൽകി. വിശദ വിവരത്തിന് ഖണ്ഡിക 3-7 കാണുക.

# 1-27 സിമന്റ് കോൺക്രീറ്റിംഗ് - റോഡ് കോൺക്രീറ്റ് പ്രവൃത്തികളിൽ അനാവശ്യ ചെലവ്

നിർവഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനീയർ

2018-19 വർഷത്തിൽ നിർവഹിച്ച മരാമത്ത് പ്രവൃത്തികളിൽ 63 എണ്ണം റോഡ് കോൺക്രീറ്റ് പ്രവൃത്തികളാണ്. എല്ലാ പ്രവൃത്തികളുടെയും എസ്റ്റിമേറ്റിൽ 40 mm മെറ്റൽ ഉപയോഗിച്ചുള്ള 1:4:8 സിമന്റ് കോൺക്രീറ്റിംഗ് 10 cm കനത്തിലും 20 mm മെറ്റൽ ഉപയോഗിച്ചുള്ള 1:2:4 സിമന്റ് കോൺക്രീറ്റിംഗ് 7.5 cm കനത്തിലും പ്രൊവിഷൻ കൊടുത്തിട്ടാണ് നിർവഹണം നടത്തിയിട്ടുള്ളത്. ഒരു ടാറിംഗ് റോഡിന്റെ കനം (17.5 cm) കോൺക്രീറ്റ് റോഡിന് കൊടുത്തിട്ടുണ്ട്. ഇത്തരത്തിൽ നിർവഹണം നടത്തിയതിനാൽ ഈ പ്രവൃത്തികളിലെല്ലാം തന്നെ അധിക ചെലവുണ്ടായിട്ടുണ്ട്. ഈ പ്രവൃത്തികളിലെല്ലാം തന്നെ DSR Code 16.42 ഉപയോഗിച്ചുള്ള സിമന്റ് കോൺക്രീറ്റ് 15 cm കനത്തിൽ വച്ച് ഒറ്റ ലെയർ ചെയ്തിരുന്നുവെങ്കിൽ പ്രവൃത്തികളുടെ ഗുണമേൻമ കൂടുകയും അധിക ചെലവ് ഒഴിവാക്കുകയും ചെയ്യാമായിരുന്നു. ഏതാനും പ്രവൃത്തികളിൽ വന്ന അധിക ചെലവിന്റെ വിവരം ചുവടെ കൊടുക്കുന്നു

| ക്രമ നം. | പ്രോജക്റ്റ് | 1:4:8 സിമന്റ് കോൺക്രീറ്റിംഗ് ചെയ്തതിന് അനുവദിച്ച തുക | 1:2:4 സിമന്റ് കോൺക്രീറ്റിംഗ് ചെയ്തതിന് അനുവദിച്ച തുക | ആകെ | 16.42 ഉപയോഗിച്ചുള്ള സിമന്റ് കോൺക്രീറ്റ് (Observed Data) | അധിക ചെലവ് |
|---|---|---|---|---|---|---|
| 1 | ചേലച്ചപ്പറമ്പ് റോഡ് കോൺക്രീറ്റിംഗ് (39/19)<br>Cost Index-37.25<br>തുക-198452 | 15.64m3x6146.26/m3 =96127.51 | 11.73m3 x 7523.98/m3 =88256.29 | 184384 | 172992<br>(27.37x15/17.5 =23.46x7373.92) | 11392 |
| 2 | NH ഇടിമുഴിക്കൽ തെരു റോഡ് കോൺക്രീറ്റിംഗ് (156/19)<br>Cost Index-37.25<br>തുക-198452 | 15.96 m3x6146.26/m3 =98095 | 11.97m3 x 7523.98/m3 =90062 | 188157 | 176532<br>(27.93x15/17.5 =23.94x7373.92) | 11625 |
| 3 | യൂണിവേഴ്സിറ്റി കോരച്ചംകണ്ടി റോഡ് കോൺക്രീറ്റിംഗ് (52/19)<br>Cost Index-37.25<br>തുക-150000 | 11.62 m3x6146.26/m3 =71419.54 | 8.71m3 x 7523.98/m3 =65533 | 136953 | 128454<br>(20.33x15/17.5 =17.42x7373.92) | 8499 |
| 4 | ചാലിപ്പറമ്പ് അപ്പാട്ടയിൽ ചേലൂപ്പാടം ബാങ്ക് റോഡ് | 15.77 m3x6146.26/m3 =96926.5 | 11.82m3 x 7523.98/m3 =88933.4 | 185860 | 174319<br>(27.59x15/17.5 =23.64x7373.92) | 11541 |

| | | | | | | |
|---|---|---|---|---|---|---|
| | കോൺക്രീറ്റിംഗ് (59/19)<br>Cost Index-37.25<br>തുക-200000 | | | | | |
| 5 | കണ്ടായിപ്പാടം കുറിയേടം റോഡ് കോൺക്രീറ്റിംഗ് (119/19)<br>Cost Index-37.25<br>തുക-349581 | 27.06 m3x6146.26/m3 =166317.8 | 20.23m3 x 7523.98/m3 =152736.79 | 319054 | 299307<br>(47.36x15/17.5 =40.59x7373.92) | 19747 |
| 6 | കണ്ടായിപ്പാടം കോടാറ്റിൽ റോഡ് കോൺക്രീറ്റിംഗ് (267/19)<br>Cost Index-37.25<br>തുക-298983 | 22.30 m3x6146.26/m3 =137061.6 | 16.72m3 x 7523.98/m3 =125800 | 262862 | 246584<br>(39.02x15/17.5 =33.44x7373.92) | 16278 |
| 7 | കുഴമ്പിൽ റോഡ് കോൺക്രീറ്റിംഗ് (144/19)<br>Cost Index-37.25<br>തുക-281364 | 21.57 m3x6146.26/m3 =132574.8 | 16.47m3 x 7523.98/m3 =123919.9 | 256495 | 240389<br>(38.04x15/17.5 =32.60x7373.92) | 16106 |
| | | | | | | 95188 |

തൻവർഷത്തിൽ ചെയ്ത 7 പ്രവൃത്തികളിൽ മാത്രം 95188 രൂപ അധിക ചെലവ് ഉണ്ടായിട്ടുണ്ട്. ഇപ്രകാരം 2018-19 വർഷത്തിൽ ചെയ്ത 63 കോൺക്രീറ്റ് പ്രവൃത്തികളിൽ അധിക ചെലവ് ഉണ്ടായിട്ടുണ്ട്.വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (Audit Enquiry No.27 / 16.11.19) മറുപടിയായി 2019-20 വർഷത്തെ റോഡ് കോൺക്രീറ്റ് പ്രവൃത്തികൾ മേൽ പ്രകാരം ചെയ്യുന്നതാണെന്ന് അറിയിച്ചു. ഭാവിയിൽ ഇത്തരം അധിക ചെലവുകൾ ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-28 പ്രവൃത്തി വൈകി പൂർത്തീകരിച്ചതിന് പിഴ ഈടാക്കിയില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാർ പ്രവൃത്തി നിശ്ചിത സമയ പരിധിക്കകം പൂർത്തീകരിച്ചിട്ടില്ല. നിശ്ചിത സമയത്തിനകം പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാരിൽ നിന്ന് കേരള പൊതുമരാമത്ത് മാന്വൽ 2012 ഖ.2112 നിർദ്ദേശിക്കും പ്രകാരമുള്ള പിഴ ഈടാക്കാതെയാണ് കരാറുകാർക്ക് തുക നൽകിയിട്ടുള്ളത്.

കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാൻ കഴിയാതെ വരികയാണെങ്കിൽ ദീർഘീകരണത്തിനുള്ള അപേക്ഷ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന കാലാവധി തീരുന്നതിന് മുമ്പായി നൽകേണ്ടതാണ്. എന്നാൽ അത്തരത്തിലുള്ള അപേക്ഷകൾ ഫയലിൽ ഇല്ല. അത് കൊണ്ട് തന്നെ കരാറുകാരുടെ പിഴവ് മൂലമാണ് പ്രവൃത്തി വൈകിയതെന്ന് വ്യക്തമാണ്. കരാറുകാരുടെ പിഴവ് മൂലം പ്രവൃത്തി പൂർത്തീകരണം വൈകിയാൽ 25% വരെയുള്ള ദിവസത്തിന് 1% നിരക്കിലും തുടർന്നുള്ള കാലയളവിലേക്ക് 2% നിരക്കിലുമാണ് പിഴ ഈടാക്കേണ്ടത്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | സൈറ്റ് ഹാൻഡ് ഓവർ ചെയ്തത് | പൂർത്തീകരണ കാലാവധി | പൂർത്തീകരിച്ചത് | പിഴ |
|---|---|---|---|---|
| ചാലിപ്പറമ്പ് | 28.11.17 | 27.5.18 | 10.8.2018 | 22188 |

| | | | | |
|---|---|---|---|---|
| അംഗനവാടി നിർമ്മാണം (171/19)<br>ചെക്ക് നം. 9179129/ 17.9.19<br>തുക 967023<br>PAC-969426<br>അളവ് പുസ്തകം 28/17-18,117/17-18<br>കരാറുകാരൻ -സുരേഷ് ബാബു.P<br>കരാർ. 42/28.11.17<br>TS-1100000 | | (6 മാസം) | | (9.7.18 വരെ 9694<br>10.7.2018 മുതൽ 9.8.18 വരെ 12494<br>(19388x29/45)) |

പ്രവൃത്തിയിൽ കരാറുകാരന് അധികം നൽകിയത് 22188രൂപ. ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 25 /16.11.19). മറുപടിയിൽ അംഗനവാടിയുടെ പ്രവൃത്തിക്കായി പ്ലോട്ടിലൂടെ കടന്ന് പോകുന്ന ഇലക്ട്രിക് ലൈൻ മാറ്റേണ്ടതായി വന്നതിനാലാണ് പ്രവൃത്തി പൂർത്തീകരിക്കാൻ കാലതാമസമുണ്ടായതെന്നെ മറുപടി നൽകി. പ്രവൃത്തി നിശ്ചിത സമയ പരിധിക്കകം പൂർത്തീകരിക്കാൻ കഴിയാത്ത സാഹചര്യം കാണിച്ചുകൊണ്ട് കരാറുകാരൻ അപേക്ഷ നൽകുകയും ആയത് ഭരണ സമിതി അംഗീകരിക്കുകയും ചെയ്തിട്ടില്ലാത്തതിനാൽ മറുപടി അംഗീകരിക്കുന്നില്ല. തുക കരാറുകാരനിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്. പ്രവൃത്തിയുടെ പേമെന്റ് 18-19 വർഷത്തിൽ അനുവദിച്ചത് നിർവഹണ ഉദ്യോഗസ്ഥർ BIMS ലൂടെ പേമെന്റ് അനുവദിക്കണമെന്ന നിർദ്ദേശത്തെ തുടർന്ന് ഒബ്ലക്ഷൻ ആവുകയും പിന്നീട് BIMS ലൂടെ മേൽ ചെക്ക് പ്രകാരം 17.9.19 തിയതിയിൽ അനുവദിക്കുകയും ചെയ്തു.

## 1-29 ജലനിധി പദ്ധതി- ഗുണഭോക്താക്കൾക്ക് പദ്ധതിയുടെ പ്രയോജനം മുഴുവനായി ലഭിക്കുന്നില്ല

ചേലേമ്പ്ര ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് ജലനിധിയുടെ കുടിവെള്ള പദ്ധതി 2018-19 വർഷത്തിൽ കമ്മീഷൻ ചെയ്തിട്ടുണ്ട്. ജലനിധിയുടെ കുടിവെള്ള പദ്ധതിയുള്ളതിനാൽ മറ്റ് കുടിവെള്ള പദ്ധതികൾക്ക് 2018-19 സാമ്പത്തിക വർഷത്തിൽ പണം ചെലവഴിച്ചിട്ടില്ല. എന്നാൽ ജലനിധി പദ്ധതിയുടെ പ്രയോജനം പരമാവധി ഗുണഭോക്താക്കളിലേക്കെത്തിക്കാൻ ഗ്രാമ പഞ്ചായത്തിനായിട്ടില്ല. വെള്ള ക്ഷാമം വളരെ രൂക്ഷമായ പഞ്ചായത്ത് പ്രദേശത്ത് ഗ്രാമ പഞ്ചായത്തിന് വിട്ടു കിട്ടിയ സ്ഥാപനങ്ങളിൽ പോലും ഇതിന്റെ കണക്ഷൻ ലഭ്യമാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ നടപടി സ്വീകരിച്ചിട്ടില്ല. വിവരാവകാശ ഫയൽ പ്രകാരം ഏഴായിരത്തി അഞ്ഞൂറോളം വരുന്ന ജനങ്ങൾ ജലനിധി പദ്ധതിയുടെ ഗുണഭോക്താക്കളാണ്. വിവരാവകാശ ഫയൽ പ്രകാരം ഏറ്റവും കൂടുതൽ പരാതികൾ/വിവരാവകാശങ്ങൾ വന്നിട്ടുള്ളത് ജലനിധിയുടെ കുടിവെള്ള പദ്ധതിയെപറ്റിയാണ്.

നിലവിൽ പദ്ധതിക്ക് സ്വന്തമായി ടാങ്ക് ഇല്ലാത്തതിനാൽ കാക്കഞ്ചേരിയിലെ കിൻഫ്ര ഫുഡ് പാർക്കിനുള്ളിലെ ടാങ്കിൽ നിന്നും താൽകാലികമായി വെള്ളം സ്റ്റോർ ചെയ്ത് വിതരണം നടത്തുകയാണ് ചെയ്യുന്നത്. കുടിവെള്ള പദ്ധതിയുടെ പമ്പിംഗ് മെയിൻ കിൻഫ്രക്കുള്ളിൽ ആണ്. പദ്ധതിയുമായി ബന്ധപ്പെട്ട് നിർമ്മാണങ്ങൾ നടത്തിയതിൽ കിൻഫ്ര ഫുഡ് പാർക്കിലെ ചുറ്റമതിലിനകത്ത് സ്ഥാപിച്ച ഡിസ്ട്രിബ്യൂഷൻ / മെയിൻ പൈപ്പുകൾ 140 mm, 160 mm എന്നിവയും കിൻഫ്ര പാർക്കിന് പുറത്ത് സ്ഥാപിച്ച പൈപ്പുകൾ 300 mm ആണ്. കിൻഫ്ര ഫുഡ് പാർക്കിലെ ചുറ്റമതിലിനകത്ത് സ്ഥാപിച്ച ഡിസ്ട്രിബ്യൂഷൻ/മെയിൻ പൈപ്പുകളേക്കാൾ വണ്ണം കുറവാണ് കിൻഫ്ര പാർക്കിന് പുറത്ത് സ്ഥാപിച്ച പൈപ്പുകൾക്ക്. ഈ അപാകത കാരണം പമ്പിംഗ് മെയിനിൽ നിന്നും വരുന്ന ഭാഗത്ത് വെള്ളത്തിന്റെ പ്രഷർ കുറയുകയും സ്വാഭാവികമായും പദ്ധതി പ്രകാരം ഉദ്ദേശിച്ച പരമാവധി ഗുണഭോക്താക്കൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കാതെ പോവുകയും ചെയ്യുന്നു. ഈ അപാകത

പരിഹരിക്കുന്നതിനും പദ്ധതിയുടെ പ്രയോജനം പരമാവധി ഗുണഭോക്താക്കളിലേക്ക് എത്തിക്കുന്നതിനും പദ്ധതിക്ക് സ്വന്തമായി ടാങ്ക് നിർമ്മിക്കുന്നതിനും ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-30 കുറ്റിപ്പുറമ്പ് സബ്സെന്ററർ റിപ്പയർ -അപാകത – ആദായ നികുതി കുറവായി ഈടാക്കിയത് ഓഡിറ്റ് അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ അടവാക്കി

പ്രോജക്റ്റ് നം - 217/19

എം. ബുക്ക് - 126/17-18

കരാർ - 109/28.3.18

മൂല്യനിർണ്ണയം - 100000

ബിൽ - 30/29.12.18

കരാറുകാരൻ -SK Construction Company,Ramanatukara

SK Construction Company, Ramanatukaraഎന്ന സ്ഥാപനമാണ് പ്രവൃത്തി നടത്തിയിട്ടുള്ളത്. പ്രവൃത്തി നടത്തിയിട്ടുള്ളത് രജിസ്റ്റേഡ് കമ്പനി ആയതിനാൽ പ്രവൃത്തിയിൽ ആദായ നികുതി 2% ഈടാക്കേണ്ടതുണ്ട്. 2% ഈടാക്കുന്നതിന് പകരം 1% ഈടാക്കിയതിനാൽ ആദായ നികുതിയിനത്തിൽ കുറവ് 1000 രൂപ.

പ്രവൃത്തിയിൽ കരാറുകാരന് അധികം നൽകിയത് 1000 രൂപ. ഓഡിറ്റ് അന്വേഷണത്തിനുള്ള (AUDIT ENQUIRY No. 24 /16.11.19) മറുപടിയിൽ ആദായ നികുതിയിനത്തിൽ കുറവ് വന്ന 1000 രൂപ 26.11.19 ന് 01164 ചലാൻ പ്രകാരം അടവാക്കി.

## 1-31 PRICE സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ ഡാറ്റയിൽ 10% ഓവർഹെഡ് ചാർജ്ജ് അനുവദിക്കുന്നു

നിർവഹണ ഉദ്യോഗസ്ഥൻ – അസി.എഞ്ചിനീയർ

2018-19 വർഷത്തിൽ നർവഹിച്ച് റോഡ് ടാറിംഗ് പ്രവൃത്തികളുടെ എസ്ററിമേറ്റുകളിൽ ഉൾപ്പെടുത്തിയ ഇനങ്ങളുടെ ഡാറ്റയിൽ 10% OH ഉം 10% CP യും ഉൾപ്പെടുന്നുണ്ട്. 07.05.2014-ലെ ജി.ഒ.(എം.എസ്)നം.74/14/തസ്വഭവ. ഉത്തരവ് പ്രകാരം ഡാറ്റയിൽ ആകെ CP&OH ആയി 15% അനുവദിക്കാനേ വ്യവസ്ഥ പെടുത്തിയിട്ടുള്ളൂ. ആയതിനാൽ LSGD PRICE സോഫ്റ്റ് വെയറിൽ 10% OH ഉം 10% CP ഉം അർഹതപ്പെടുത്തി അനുവദിച്ചുള്ള സർക്കാർ ഉത്തരവ് ഉണ്ടെങ്കിൽ ഹാജരാക്കേണ്ടതാണ്.

കൂടാതെ PRICE സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ ഡാറ്റയിൽ 10% ഓവർഹെഡ് ചാർജ്ജിന് മുകളിലും 10% CP അനുവദിക്കുന്നു

DSR നിരക്കും,CPWD ഡാറ്റയോ മറ്റ് ഡാറ്റകളോ ഉപയോഗിച്ച് തയ്യാറാക്കുന്ന എസ്റ്റിമേറ്റിൽ 1% വാട്ടർചാർജ്ജും അതിനുപുറമേ CP&OH ആയി 15% ഉം അനുവദിക്കാനേ പിഡബ്ള്യുഡി മാന്വൽ, മേൽ സൂചിപ്പിച്ച സർക്കാർ ഉത്തരവുകൾ എന്നിവ അനുവദിക്കുന്നുള്ളൂ. എന്നാൽ LSGD PRICE സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ ഡാറ്റയിൽ 10% ഓവർഹെഡ് ചാർജ്ജിന് മുകളിലും 10% CP അനുവദിക്കുന്നുണ്ട്. ആയത് അർഹതപ്പെടുത്തി അനുവദിച്ച സർക്കാർ ഉത്തരവ് ഉണ്ടെങ്കിൽ ഹാജരാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി അപാകത സർക്കാരിന്റെ ശ്രദ്ധയിൽ പെടുത്തുന്നതാണ് എന്ന് അറിയിച്ചു. (AUDIT ENQUIRY No. 34 / 18.11.19).

## 1-32 പൊതു മരാമത്ത് പ്രവൃത്തികൾ - അവലോകനം

2018-19 വർഷത്തിൽ 443 ലക്ഷം അടങ്കലിൽ മരാമത്ത് പ്രവൃത്തികൾക്കായി പ്രോജക്റ്റുകൾ തയ്യാറാക്കിയതിൽ 247 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. 90 ശതമാനവും രണ്ട് ലക്ഷം രൂപക്ക് താഴെയുള്ള (ഒരു ലക്ഷം രൂപയുടെയും

രണ്ട് ലക്ഷം രൂപയുടെയും) പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളത്. അശാസ്ത്രീയമായ ഫണ്ട് വിഭജനം കാരണം ഗ്രാമ പഞ്ചായത്തിലെ പദ്ധതികൾ ലക്ഷ്യം കാണുന്നില്ല. മൃഗാശുപത്രി കെട്ടിടത്തിൽ റൂഫിംഗ്, കുടിവെള്ളത്തിനും മറ്റ് പ്രാഥമികാവശ്യങ്ങൾക്കും വേണ്ടി കെട്ടിടത്തിലേക്ക് മൃഗാശുപത്രി കെട്ടിടത്തിലെ കുഴൽ കിണറിൽ നിന്നും ഡിസ്ട്രിബ്യൂഷൻ ലൈൻ വലിക്കൽ, വാട്ടർ ടാങ്ക് സ്ഥാപിക്കൽ എന്നിവക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിയെങ്കിലും പണി പൂർത്തീകരണ ഘട്ടത്തിൽ ഫണ്ട് തികയാത്തതിനാൽ ഡിസ്ട്രിബ്യൂഷൻ ലൈൻ പകുതിവരെ മാത്രം ചെയ്തു. നിലവിൽ കെട്ടിടത്തിലേക്ക് വെള്ളം ലഭിക്കുന്നില്ല. വനിതാ വ്യവസായ കേന്ദ്രത്തിലും മൃഗാശുപത്രി കെട്ടിടത്തിലും തൻ വർഷത്തിൽ ട്രസ്സ് വർക്ക് ചെയ്ത് റൂഫിംഗ് നടത്തുകയും മഴവെള്ളം ഒഴുകി പോകുന്നതിന് PVC Gutter സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത കെട്ടിടങ്ങളിൽ മഴവെള്ള സംഭരണി ഉണ്ടായിട്ടും ഇതിലേക്ക് മഴവെള്ളം റീചാർജ് ചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതിന് ഫണ്ട് വിഭജനം മൂലം സാധിച്ചിട്ടില്ല. കറ്റിപ്പറമ്പ് അംഗനവാടിയിൽ 2018-19 സാമ്പത്തിക വർഷത്തിൽ ട്രസ്സ് വർക്ക് ചെയ്യുകയും 2019-20 വർഷത്തിൽ കെട്ടിടത്തിന് മുകളിലേക്ക് കയറുന്നതിന് സ്റ്റെയർകേസ് വക്കുകയും ചെയ്തു. എന്നാൽ ആവശ്യമായ ഫണ്ട് വകയിരുത്താത്തതിനാൽ കെട്ടിടത്തിന് മുകളിൽ പാരപ്പറ്റ് കെട്ടുവാൻ സാധിച്ചില്ല. അതുകൊണ്ട് തന്നെ കെട്ടിടത്തിന് മുകൾ ഭാഗം ഉപയോഗപ്പെടുത്താൻ കഴിഞ്ഞില്ല. പൊതു ജനങ്ങൾ ധാരാളം കയറിയിറങ്ങുന്ന പബ്ലിക് ഹെൽത്ത് സെന്ററിൽ കുടിവെള്ളത്തിനും മറ്റ് പ്രാഥമികാവശ്യങ്ങൾ നിറവേറ്റുന്നതിനും വേണ്ടിയുള്ള വെള്ളം ലഭിക്കുന്നതിന് സോഴ്സില്ല. നിലവിൽ തൊട്ടടുത്ത വീട്ടിൽ നിന്നാണ് PHC യിലേക്ക് വെള്ളം കൊണ്ടുവരുന്നത്. വെള്ളത്തിന് വേണ്ടിയുള്ള വർഷങ്ങളായുള്ള PHC ജീവനക്കാരുടെ ആവശ്യം പരിഗണിക്കുന്നതിന് ഗ്രാമ പഞ്ചായത്ത് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. മരാമത്ത് പ്രവൃത്തികളിൽ ആവശ്യമുള്ള ഇനങ്ങൾ ഉൾപ്പെടുത്തി അതിനനുസരിച്ച് ഫണ്ട് വകയിരുത്താൻ ഗ്രാമ പഞ്ചായത്ത് നടപടി സ്വീകിരിക്കേണ്ടതാണ്.

2018-19 വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 167 പദ്ധതികൾ തയ്യാറാക്കിയെങ്കിലും 116 പ്രൊജക്ടുകൾ മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്.

| | | | |
|---|---|---|---|
| ആകെ പദ്ധതി | 167 | ആകെ അടങ്കൽ | 44321358 |
| നടപ്പിലാക്കിയത് | 116 | ചെലവ് | 24719911 |
| ശതമാനം | 69 | ചെലവ് ശതമാനം | 55.77 |

` ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകളിൽ 64 എണ്ണവും സ്പിൽ ഓവർ പ്രൊജക്ടുകളായിരുന്നു. എന്നാൽ അവയിൽ 14 പ്രൊജക്ടുകൾ ഈ വർഷവും നടപ്പിലാക്കിയിട്ടില്ല. സ്പിൽ ഓവർ പ്രവൃത്തികൾ അതേ വർഷം തന്നെ പൂർത്തിയാക്കണമെന്ന സർക്കാർ നിർദ്ദേശം പാലിക്കാൻ ഗ്രാമ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല.

<u>പ്രൊജക്ടുകളുടെ ആധിക്യം നിർവ്വഹണത്തെ ബാധിക്കുന്</u>നു.

ഗ്രാമ പഞ്ചായത്തിൽ 1 അസിസ്റ്റന്റ് എഞ്ചിനീയർ, 2 ഓവർസിയർ എന്നിവരടക്കം ആകെ 3 ജീവനക്കാരാണ് ഓഡിറ്റ് വർഷത്തിൽ ഉണ്ടായിരുന്നത്. ഗ്രാമ പഞ്ചായത്തിൽ 2018-19 വാർഷിക പദ്ധതിയുടെ 39% അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കാനുള്ള പദ്ധതികളാണ്. ഈ പ്രൊജക്ടുകളുടെയെല്ലാം എസ്റ്റിമേറ്റ് തയ്യാറാക്കുകയും തുടർന്ന് പ്രവൃത്തിയുടെ മേൽനോട്ടം വഹിക്കലും, ബില്ല്, അളവ് പുസ്തകം എഴുതൽ എന്നിവയെല്ലാം ചെയ്യേണ്ടത് ഇവർ 3 പേർ ചേർന്നാണ്. മാത്രമല്ല പഞ്ചായത്തിലെ 18 വാർഡുകളിലെ കെട്ടിടങ്ങളുടെ പെർമിറ്റ്, നമ്പറിങ്ങ് എന്നിവയുമായി ബന്ധപ്പെട്ട ഭാരിച്ച ജോലികളും ഇവരുടെ ചുമതലയിൽ ഉണ്ടായിരുന്നു. പരിമിതമായ ജീവനക്കാർ മാത്രമായതും പ്രവൃത്തികളുടെ ബാഹുല്യവും പദ്ധതി നടപ്പിലാക്കുന്നത് വൈകുന്നതിനും, മുഴുവൻ പദ്ധതികളും നടപ്പിലാക്കാൻ കഴിയാതിരുന്നതിനും കാരണമായി. മാത്രമല്ല ജീവനക്കാരുടെ കുറവും പ്രവൃത്തികളുടെ ബാഹുല്യവും കാരണം പ്രവൃത്തികളുടെ ഗുണമേന്മ ഉറപ്പ് വരുത്തുന്നതിനും കഴിയുന്നില്ല എന്ന് വ്യക്തമാണ്.

പഞ്ചായത്തിനെ മൊത്തം ഒരു യൂണിറ്റായി കണ്ട് പദ്ധതികൾ തയ്യാറാക്കാൻ സ്റ്റാന്റിങ്ങ് കമ്മിറ്റികൾ നേതൃത്വപരമായ പങ്ക് വഹിക്കേണ്ടതും ഫണ്ടുകൾ വാർഡുകൾക്കായി വീതം വെക്കുന്ന പ്രവണത ഒഴിവാക്കാൻ ശ്രമിക്കേണ്ടതുമാണ്.

<u>റോഡ് കണക്റ്റിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയില്</u>ല

ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണമെന്നും, ഏതൊരു റോഡ് നിർമ്മാണ പ്രൊജക്ടിനൊപ്പവും റോഡ് കണക്ടിവിറ്റി മാപ്പിൽ പ്രൊജക്ടിലൂടെ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണമെന്നും പദ്ധതി മാർഗ്ഗരേഖകളിൽ പ്രത്യേകം പരാമർശിച്ചിട്ടുള്ളതാണ്. എന്നാൽ ഒരു പ്രവൃത്തിയിലും ഈ നിബന്ധനകൾ പാലിച്ചതായി കണ്ടില്ല.

കൂടാതെ പഞ്ചായത്തിന്റെ ആസ്തികളുടെ സംരക്ഷണത്തിന് മുൻഗണനാടിസ്ഥാനത്തിൽ നടപ്പാക്കേണ്ട പ്രവൃത്തികൾ ഉൾപ്പെടുത്തി ഒരു മെയിന്റനൻസ് പ്ലാനും പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. ഇക്കാരണങ്ങളാൽ തന്നെ മേൽ വർഷത്തിൽ നടപ്പാക്കേണ്ട ഏറ്റവും അനിവാര്യമായ പ്രൊജക്ടുകളാണോ നടപ്പാക്കിയത് എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കുകയും, പ്രസ്തുത രേഖകളും സ്റ്റാറ്റസ് റിപ്പോർട്ടും അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ മാത്രം പ്രൊജക്ടുകൾ തയ്യാറാക്കാൻ സ്റ്റാന്റിങ്ങ് കമ്മിറ്റി നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകേണ്ടതും ആയത് പ്രകാരമാണ് പദ്ധതികൾ രൂപീകരിക്കുന്നതെന്ന് ഉറപ്പ് വരുത്താൻ ശ്രദ്ധിക്കേണ്ടതുമാണ്.

<u>സ്റ്റാറ്റസ് റിപ്പോർട്ട് പരിശോധനക്ക് ലഭ്യമാക്കിയില്ല</u>

പതിമൂന്നാം പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖ പ്രകാരം പദ്ധതികൾ രൂപീകരിക്കുന്നതിന് അടിസ്ഥാന രേഖയായി പരിഗണിക്കേണ്ട സ്റ്റാറ്റസ് റിപ്പോർട്ട് പരിശോധനക്ക് ലഭ്യമാക്കാത്തതിനാൽ ഓഡിറ്റ് വർഷം തയ്യാറാക്കിയ പ്രൊജക്ടുകൾ സംബന്ധിച്ച പരിശോധന പൂർണ്ണ തോതിൽ നടത്താനായിട്ടില്ല. വരും വർഷങ്ങളിൽ കുറ്റമറ്റ രീതിയിൽ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കേണ്ടതും സ്റ്റാന്റിങ് കമ്മിറ്റി ഇക്കാര്യത്തിൽ ശ്രദ്ധ ചെലുത്തേണ്ടതുമാണ്.

<u>ടെണ്ടർ നടപടികൾ സുതാര്യമല്ല.</u>

2018-19 വർഷത്തിൽ അംഗീകാരം ലഭിച്ച മുഴുവൻ മരാമത്ത് പ്രവൃത്തികളും ടെണ്ടർ മുഖേനയാണ് നടത്തിയത്. അഞ്ച് ലക്ഷവും അതിന് മുകളിലും അടങ്കലുള്ള പ്രവൃത്തികൾ ഇ-ടെണ്ടർ മുഖേനയും ബാക്കിയുള്ളവ മാന്വൽ ടെണ്ടറും ആയാണ് പ്രവൃത്തികൾ ടെണ്ടർ ചെയ്തത്.

മാന്വൽ ടെണ്ടർ മുഖേന ടെണ്ടർ ചെയ്ത ഭൂരിഭാഗം പ്രവൃത്തികളിലും ആകെ രണ്ടു കരാറുകാർ മാത്രമാണ് ടെണ്ടർ സമർപ്പിച്ചിട്ടുള്ളത്. രണ്ട് ടെണ്ടർ സമർപ്പിക്കപ്പെട്ടതിൽ എല്ലാ പ്രവൃത്തികളിലും ഒരാൾ എസ്റ്റിമേറ്റ് നിരക്കും/ നാമമാത്ര കുറവും രണ്ടാമൻ എസ്റ്റിമേറ്റ് നിരക്കിനെക്കാൾ ഉയർന്ന നിരക്കും ക്വാട്ട് ചെയ്തു എല്ലാ പ്രവൃത്തികളും എസ്റ്റിമേറ്റ് നിരക്കിന്/നാമമാത്ര കുറവിന് കരാർ ചമക്കുകയുമാണ് ചെയ്തിരിക്കുന്നത്.

# 1-33 തിരുവങ്ങാട്ട് താഴം അംഗൻവാടി കെട്ടിട നിർമ്മാണം - എസ്റ്റിമേറ്റ് തയ്യാറാക്കിയതിൽ ഇലക്ട്രിഫിക്കേഷന് പ്രൊവിഷൻ വച്ചില്ല - അപാകത

പ്രോജക്റ്റ് നം - 241/19

എം. ബുക്ക് - 418/17-18,446/18-19

കരാർ - 61/12.11.18 (E-Tender)

മൂല്യനിർണ്ണയം - 813796

ബിൽ - 69/28.3.19- 453248, 41/29.1.19- 360548

കരാറുകാരൻ -മുഹമ്മദ് കുട്ടി.P

TS-1000000

10 ലക്ഷം രൂപ വകയിരുത്തി അംഗീകാരം വാങ്ങിയ ഈ പ്രോജക്ടിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ പ്ലംബിംഗ് വർക്കുകൾക്കും ഇലക്ട്രിഫിക്കേഷൻ വർക്കുകൾക്കും പ്രൊവിഷൻ വക്കുന്നതിന് പകരം പ്ലംബിംഗ് വർക്കുകൾക്കു മാത്രമാണ് പ്രൊവിഷൻ വച്ചത്. ഇലക്ട്രിഫിക്കേഷന് പ്രൊവിഷൻ വക്കാത്തതിനാൽ കെട്ടിട നിർമ്മാണം പൂർത്തിയായിട്ടും കെട്ടിടം ഉപയോഗപ്പെടുത്താൻ കഴിയാത്ത അവസ്ഥയായി. 8.11.2018 ന് പണി പൂർത്തിയായ ഈ കെട്ടിടം ഒരു വർഷം കഴിഞ്ഞിട്ടും വെറുതെ കിടക്കുകയാണ്. 10 ലക്ഷം രൂപ വകയിരുത്തിയ പദ്ധതി 813796 രൂപ മൂല്യ നിർണ്ണയത്തിൽ പൂർത്തിയായി. ഇലക്ട്രിഫിക്കേഷനുള്ള തുക കൂടി ബാക്കിയുണ്ടായിരുന്നിട്ടും എസ്റ്റിമേറ്റ് തയ്യാറാക്കിയതിലെ അപാകത കാരണം തുക വിനിയോഗിക്കാൻ കഴിയാതെയായി. കെട്ടിട നിർമ്മാണ പ്രവൃത്തികളിൽ കെട്ടിടം തൻ വർഷം ഉപയോഗിക്കാൻ കഴിയുന്ന തരത്തിൽ ആവശ്യമുള്ള ഇനങ്ങൾ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതും അപൂർണ്ണമായ രീതിയിൽ എസ്റ്റിമേറ്റ് ഉണ്ടാക്കുന്ന രീതി ഒഴിവാക്കേണ്ടതുമാണ്. 2019-20 വർഷത്തേക്ക് ടി കെട്ടിടത്തിന്റെ ബാക്കി പ്രവൃത്തികൾക്ക് (ഇലക്ട്രിഫിക്കേഷൻ) പദ്ധതി തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖ പരിശോധനക്ക് ഹാജരാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 21/16.11.19) മറുപടി 2019-20 ൽ തന്നെ ബാക്കി പ്രവൃത്തികൾക്ക് (ഇലക്ട്രിഫിക്കേഷൻ) പദ്ധതി തയ്യാറാക്കി അംഗീകാരം വാങ്ങുന്നതാണ് എന്നറിയിച്ചു. തുടർ നടപടി വിവരം ഓഡിറ്റ് റിപ്പോർട്ടിനുള്ള ആദ്യ മറുപടിയിൽ അറിയിക്കേണ്ടതാണ്.

## 1-34 പൊതു ടാപ്പുകൾ - സംയുക്ത പരിശോധന നടത്തി വിവരം അറിയിക്കേണ്ടതാണ്

കേരള വാട്ടർ അതോറിറ്റി പ്രതിമാസം ലഭ്യമാക്കുന്ന ബില്ലുകൾ പ്രകാരം 86 പൊതു ടാപ്പുകൾക്ക് പ്രതിമാസം 37625 രൂപ വീതം വെള്ളക്കരം അടവാക്കുന്നുണ്ട്. ഇപ്രകാരം 2018-19 വർഷത്തിൽ ആകെ 4,51,500 രൂപ വാട്ടർ അതോറിറ്റിയിലേക്ക് അടവാക്കിയിട്ടുണ്ട്. ഇതു സംബന്ധിച്ച വിശദാംശങ്ങൾ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന /പ്രവർത്തന രഹിതമായ പൊതു ടാപ്പുകളുടെ എണ്ണം ഉറപ്പ് വരുത്തുന്നതിന് ഗ്രാമപഞ്ചായത്ത് നാളിതുവരെയും കേരള വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ലെന്ന് കാണുന്നു. സംയുക്ത പരിശോധന നടത്തുന്നതിനായി ഗ്രാമപഞ്ചായത്ത് 8-2-2019 ന് കേരള വാട്ടർ അതോറിറ്റിക്ക് കത്ത് നൽകിയിരുന്നുവെങ്കിലും പരിശോധന നടത്തിയിട്ടില്ല. സംയുക്ത പരിശോധന നടത്തി പ്രവർത്തനക്ഷമമായ ടാപ്പുകളുടെ കൃത്യമായ എണ്ണം നിജപ്പെടുത്താത്തതിനാൽ വെള്ളക്കരം അടവാക്കുന്നത് വെള്ളം ലഭ്യമാകുന്ന ടാപ്പുകൾക്ക് തന്നെയാണെന്ന് ഗ്രാമപഞ്ചായത്ത് ഉറപ്പ് വരുത്തിയിട്ടില്ല. ഇക്കാര്യത്തിൽ ധന/വികസന സ്റ്റാൻറിംഗ് കമ്മിറ്റികൾ നേതൃത്വപരമായ ഇടപെടൽ നടത്തുകയോ നിർദ്ദേശം നൽകുകയോ ചെയ്തിട്ടില്ലെന്ന് വ്യക്തമാകുന്നു.

ഇക്കാര്യത്തിൽ അടിയന്തിരമായി നടപടി സ്വീകരിച്ച് ഗ്രാമ പഞ്ചായത്ത് ഫണ്ടിന് വരുന്ന അധിക ചെലവ് ഒഴിവാക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-35 തെരുവ് വിളക്ക് സ്ഥാപിക്കൽ- അപാകതകൾ

നിർവ്വഹണോദ്യോഗസ്ഥൻ- സെക്രട്ടറി

പ്രോജക്ട് നം. 228/19

അടങ്കൽ- 310000 രൂപ

ചെലവ് തുക – 268199 രൂപ (തനത് ഫണ്ട് )

വൗച്ചർ നമ്പർ- 21801147/18-3-2019

മേൽ പ്രൊജക്ട് പ്രകാരം 2 വർഷം ഗ്യാരണ്ടിയോടുകൂടി 12 വാട്ട് LED തെരുവു വിളക്കുകൾ 120 എണ്ണം പുതിയതായി സ്ഥാപിക്കുവാൻ ക്രൂസിന് (കേരള റൂറൽ എംപ്ലായ്മെന്റ് ആന്റ് വെൽഫെയർ സൊസൈറ്റി) തുക കൈമാറിയിട്ടുണ്ട്. (ഇൻവോയ്സ് നമ്പർ- KREWS/140/18-19/6-2-2019) .

വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രമനുസരിച്ച് ചുവടെ കൊടുത്തിട്ടുള്ള പ്രകാരമാണ് തെരുവ് വിളക്കുകൾ സ്ഥാപിച്ചിട്ടുള്ളത്.

| വാർഡ് നമ്പർ | പുതിയതായി സ്ഥാപിച്ച തെരുവ് വിളക്കുകളുടെ എണ്ണം |
|---|---|
| 1 | 9 |
| 2 | 18 |
| 4 | 15 |
| 5 | 18 |
| 13 | 9 |
| 14 | 20 |
| 16 | 19 |
| 17 | 12 |
| ആകെ | 120 |

പദ്ധതി സംബന്ധിച്ച് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ഗ്രാമ പഞ്ചായത്തിൽ സ്ട്രീറ്റ് മെയിൻ പൂർത്തീകരിച്ച വാർഡുകളിലാണ് തെരുവു വിളക്കുകൾ പുതിയതായി സ്ഥാപിയ്ക്കാൻ പ്രൊജക്ടിൽ വിഭാവനം ചെയ്തിരുന്നത്. ഗ്രാമ പഞ്ചായത്തിലെ 1, 2, 4, 5 എന്നീ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ സ്ഥാപിച്ചതായി രാമനാട്ടുകര ഇലക്ട്രിക്കൽ സെക്ഷൻ അസി.എഞ്ചിനീയറുടെ കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ചേളാരി, കടലുണ്ടി എന്നീ ഇലക്ട്രിക്കൽ സെക്ഷനുകളുടെ പരിധിയിൽ വരുന്ന 13, 14, 16, 17 എന്നീ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ പൂർത്തീകരിച്ചതായി അതാത് കെ.എസ്.ഇ.ബി. യൂണിറ്റുകൾ റിപ്പോർട്ട് ചെയ്തിട്ടില്ല.

2) പുതിയതായി തെരുവു വിളക്കുകൾ സ്ഥാപിയ്ക്കുന്നതിനായി മുൻ വർഷങ്ങളിൽ പദ്ധതി തയ്യാറാക്കി നടപ്പിലാക്കിയിട്ടുള്ളതാണ്. ഏതെല്ലാം സ്ട്രീറ്റ് ലൈറ്റുകളാണ് പ്രവർത്തനരഹിതമായിട്ടുള്ളതെന്നു സംബന്ധിച്ചും, മാറ്റി സ്ഥാപിയ്ക്കലിന്റെ അനിവാര്യത സംബന്ധിച്ചും വ്യക്തമായ പരിശോധനക്ക് വിധേയമാക്കാതെയാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

3) വിളക്കുകൾ സ്ഥാപിച്ചതായി ക്രൂസിന്റെ സാക്ഷ്യപത്രമില്ല.

4) കെ.എസ്.ഇ.ബി. സൂപ്പർവിഷൻ നടത്തിയതിന്റെ രേഖകളും ലഭ്യമല്ല.

5) 24-4-2018 മുതൽ വിളക്കുകൾ സ്ഥാപിക്കുന്നതായും സൂപ്പർവിഷൻ അനുവദിക്കണമെന്നും ബന്ധപ്പെട്ട കെ.എസ്.ഇ.ബി. യൂണിറ്റുകൾക്ക് 16-4-2019 ന് ഗ്രാമ പഞ്ചായത്ത് കത്ത് നൽകിയിട്ടുണ്ട്. ക്രൂസുമായുള്ള എഗ്രിമെന്റ് പ്രകാരം വിളക്കുകൾ സ്ഥാപിച്ചതിന് ശേഷമാണ് തുക നൽകേണ്ടത്. എന്നാൽ ക്രൂസിന് വിളക്കുകൾ സ്ഥാപിക്കാൻ ആരംഭിക്കുന്നതിന് മുമ്പ് തന്നെ (18-3-2019 ന് ) തുക കൈമാറിയിട്ടുണ്ട്. ഇത് ക്രമ വിരുദ്ധമായ നടപടിയാണ്.

6) ഗ്രാമ പഞ്ചായത്തിന്റെ 25-6-2019 ലെ A1-11742/19 നമ്പർ കത്തിൽ പുതിയതായി സ്ഥാപിച്ച വിളക്കുകളിൽ 29 എണ്ണം പ്രവർത്തിക്കുന്നില്ലെന്ന് ക്രൂസിനെ അറിയിച്ചിരുന്നു. ടി- വിളക്കുകൾ പ്രവർത്തനക്ഷമമാക്കിയതായി വിവരമില്ല.

7).വാർഡ്- 14 ൽ കൊളക്കുന്ന്- കൊളക്കാട്ടുചാലി റോഡിലെ പോസ്റ്റുകളിൽ സ്ഥാപിച്ച 5 വിളക്കുകൾക്ക് വൈദ്യുതി കണക്ഷൻ ലഭ്യമാക്കിയിട്ടില്ല എന്ന വിവരം കെ.എസ്.ഇ.ബി. യൂണിറ്റിനെ ഗ്രാമ പഞ്ചായത്ത് അറിയിച്ചിരുന്നു. ആയത് ലഭ്യമാക്കി വിളക്കുകൾ പ്രവർത്തനക്ഷമമാക്കിയതായി വിവരം ലഭ്യമാക്കിയിട്ടില്ല.

8) ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള തെരുവ് വിളക്കുകളുടെ എണ്ണം, ഇനം (ബൾബ്, ട്യൂബ്, സിഎഫ്.എൽ, എൽ.ഇ.ഡി, സോളാർ മുതലായവ), അവ സ്ഥാപിച്ച ലോക്കേഷൻ എന്നിവ രേഖപ്പെടുത്തിയ റജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. തെരുവുവിളക്കുകളുടെ പരിപാലനം സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടറുടെ

17.08.2015 ലെ ജി2-44274/16 നം. ഉത്തരവിൽ നിർദ്ദേശിച്ചത് പ്രകാരം കേടായ സാധനങ്ങൾ അതാത് ദിവസം തന്നെ തിരികെ കൊണ്ടുവന്ന് രജിസ്റ്റർ ഓഫ് അൺസർവ്വീസബിൽ ഐറ്റംസ് എന്ന രജിസ്റ്ററിൽ ചേർക്കേണ്ടതാണ്. കൂടാതെ ഇതു സംബന്ധിച്ച ഒരു മെയിന്റനൻസ് രജിസ്റ്ററും സൂക്ഷിയ്ക്കേണ്ടതാണ്. (പ്രവർത്തന രഹിതമായ തെരുവുവിളക്ക് പോസ്റ്റ് നം. /പ്രദേശം/വാർഡ്, വിവരം നൽകുന്ന ആളിന്റെ പേരും ഫോൺനമ്പർ, അറ്റകുറ്റപണി നടത്തിയ തീയ്യതി, ഇലക്ട്രീഷ്യന്റെ ഒപ്പ്, നോഡൽ ഓഫീസറുടെ ഒപ്പ് എന്നീ വിവരങ്ങളടങ്ങിയ രജിസ്റ്റർ ). ആയതും പരിപാലിച്ചിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ- 28/18-11-2019ന് ലഭ്യമാക്കിയ മറുപടിയിൽ വിളക്കുകൾ പ്രവർത്തനക്ഷമമാക്കുന്നതിനും റജിസ്റ്റർ സൂക്ഷിക്കുന്നതിനും നടപടി സ്വീകരിച്ച് വരുന്നതായി അറിയിച്ചിട്ടുണ്ട്.

ഇക്കാര്യത്തിൽ സ്വീകരിച്ച തുടർ നടപടി വിവരം അറിയിക്കേണ്ടതും അപാകതകൾക്ക് വസ്തുനിഷ്ഠമായ മറുപടി ലഭ്യമാക്കേണ്ടതുമാണ്.

## 1-36 പൂർത്തീകരണ/ വിനിയോഗ വിവരം ലഭ്യമല്ല- ചെലവ് തുക തടസ്സം ചെയ്യുന്നു.

ചുവടെ കൊടുത്തിട്ടുള്ള വൗച്ചറുകൾ പ്രകാരമുള്ള തുകകൾ അതാതിന് നേരേ കൊടുത്തിട്ടുള്ള സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്. എന്നാൽ ടി- സ്ഥാപനങ്ങളിൽ നിന്നും പ്രവൃത്തികൾ പൂർത്തീകരിച്ചതായോ കൈപ്പറ്റിയ തുകകൾ വിനിയോഗിച്ചതായോ വിവരം ലഭ്യമാക്കിയിട്ടില്ല.

| ക്രമ നമ്പർ | പ്രൊജക്ടിന്റെ പേരും നമ്പറും | വൗച്ചർ നമ്പർ / ബിൽ നമ്പർ | കൈപ്പറ്റിയ തുക | തുക കൈപ്പറ്റിയ സ്ഥാപനം/ ഓഫീസർ |
|---|---|---|---|---|
| 1 | പൈങ്ങോട്ടൂർ ചേലൂപാടം റോഡ് സ്ട്രീറ്റ്മെയിൻ സ്ഥാപിക്കൽ പ്രൊജക്ട് നമ്പർ-93/19 | 21800875/ 4-1-2019 | 49993 | KSEB, ചേളാരി |
| 2 | പനയപ്പുറം-കരങ്ങാട്ട് എസ്.സി കോളനി വരെ സ്ട്രീറ്റ്മെയിൻ സ്ഥാപിക്കൽ (വാർഡ്-12) പ്രൊജക്ട് നമ്പർ-231/19 | 21800876/ 4-1-2019 | 49949 | KSEB, കടലുണ്ടി. |
| 3 | പനയപ്പുറം-പൈങ്ങോട്ടൂർ സ്ട്രീറ്റ്മെയിൻ സ്ഥാപിക്കൽ (വാർഡ്-12) പ്രൊജക്ട് നമ്പർ-232/19 | 21800877/ 4-1-2019 | 29984 | KSEB, കടലുണ്ടി. |
| 4 | കരങ്ങാട്ട് അങ്കണവാടിക്ക് കുഴൽ കിണർ | 368415/ 1-3-2019 | 36890 | ഭൂജല വകുപ്പ്, ജില്ലാ ഓഫീസർ, മലപ്പുറം |

മേൽ പ്രവൃത്തികളുടെ പൂർത്തീകരണ/ വിനിയോഗ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

പൂർത്തീകരണ/ വിനിയോഗ വിവരം ല്യമാകുന്നത് വരെ ചെലവ് തുക 166816 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-37 ഓണം പ്രത്യേക ഉത്സവബത്ത കൈപറ്റിയത് തിരിച്ചടവാക്കിയില്ല

വൗച്ചർ നമ്പർ - 21800396/16-8-2018 പ്രകാരം 24750 ജീവനക്കാരുടെ പ്രത്യേക ഉത്സവബത്ത വിതരണം ചെയ്യുന്നതിനായി പിൻവലിച്ചിരുന്നു. ജി.ഒ.(പി.)134/2018/fin. തി- 18-8-2018 ഉത്തരവിൽ ഉത്സവബത്തയായി നൽകുന്ന തുക ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് ജീവനക്കാരുടെ സംഭാവനയായി നൽകുന്നതിന് സർക്കാർ തീരുമാനിച്ചിരുന്നു. ഉത്സവബത്ത നേരത്തെ കൈപറ്റിയവർ ടി- തുക തിരിച്ചടവാക്കുകയോ അടുത്ത മാസത്തെ ശമ്പളത്തിൽ നിന്ന് കുറവ് ചെയ്യുകയോ ചെയ്ത് ദുരിതാശ്വാസ നിധിയിലേക്ക് അടവാക്കണമെന്നും സർക്കാർ നിർദ്ദേശിച്ചിരുന്നു. പ്രത്യേക ഉത്സവബത്തയായി കൈപ്പറ്റിയ ടി- തുക ഗ്രാമ പഞ്ചായത്ത് ഫണ്ടിൽ തിരിച്ചടവാക്കിയതിന്റെ രേഖകൾ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-11/15-11-2019 ന് മറുപടി ലഭ്യമാക്കിയില്ല. തുക തിരിച്ചടവാക്കിയതായി ഓഡിറ്റിനെ ബോധ്യപ്പെടുത്തിയിട്ടുമില്ല. പ്രത്യേക ഉത്സവബത്തയായി കൈപ്പറ്റിയിരുന്ന 24750 രൂപയിൽ 22000 രൂപ വൗച്ചർ നമ്പർ- 21800434/ 23-8-2018 പ്രകാരം ദുരിതാശ്വാസനിധിയിലേക്ക് അടവാക്കിയിട്ടുണ്ട്. ബാക്കി 2750 രൂപ അടവാക്കാതിരുന്നതിന് കാരണം വ്യക്തമല്ല.

പ്രത്യേക ഉത്സവബത്തയായി കൈപ്പറ്റിയ 24750 രൂപ ഗ്രാമ പഞ്ചായത്ത് ഫണ്ടിൽ തിരിച്ചടവാക്കിയതിന്റെ രശീതി ഹാജരാക്കേണ്ടതാണ്. അല്ലാത്തപക്ഷം ടി- തുക സർക്കാർ നിർദ്ദേശം പാലിക്കാതിരുന്ന സെക്രട്ടറിയുടെ ബാധ്യതയായി കണക്കാക്കുന്നതാണ്.

## 1-38 മിഷൻ ഫസ്റ്റ് എയ്ഡ്- തുടർ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പക്കിയിട്ടില്ല.

നിർവ്വഹണോദ്യോഗസ്ഥൻ- സെക്രട്ടറി

പ്രോജക്റ്റ് നം. 234/19

അടങ്കൽ- 565000രൂപ

ചെലവ് തുക – 489840 രൂപ (തനത് ഫണ്ട്)

വൗച്ചർ നമ്പർ- 21801046/11-2-2019 = 158240 രൂപ

വൗച്ചർ നമ്പർ- 21801343/31-3-2019 = 331600 രൂപ

അടിയന്തിര സാഹചര്യങ്ങളിൽ പ്രഥമ ശുശ്രൂഷ നൽകുന്നതിന് ജനങ്ങളെ പ്രഥമ ശുശ്രൂഷയിൽ സാക്ഷരരാക്കി പഞ്ചായത്തിലെ ഓരോരുത്തരുടേയും വിലപ്പെട്ട ജീവൻ സംരക്ഷിക്കുന്നതിനും രാജ്യത്തെ ആദ്യത്തെ പ്രഥമ ശുശ്രൂഷ സാക്ഷരത പഞ്ചായത്തായി ചേലേമ്പ്രയെ മാറ്റുന്നതിനും ലക്ഷ്യമിട്ടാണ് നൂതന, കോഴിക്കോട് എന്ന സ്ഥാപനത്തെ പദ്ധതി നിർവ്വഹണത്തിന് ഏജൻസിയായി തെരഞ്ഞെടുത്തിട്ടുള്ളത്. (പഞ്ചായത്തിന്റെ 27-10-2018 ലെ 19(2) നമ്പർ തീരുമാനം). 29-10-2018 ന് സ്ഥാപനവുമായി പഞ്ചായത്ത് കരാറിലേർപ്പെട്ടിട്ടുണ്ട്.

സമ്പൂർണ്ണ പ്രഥമ ശുശ്രൂഷ ക്ലാസുകൾ നൽകുക, പ്രഥമ ശുശ്രൂഷ നൽകുന്നതിന് പ്രായോഗിക ജ്ഞാനം പരിശീലനങ്ങളിലൂടെ നൽകുക, പരിശീലനത്തിന് ആവശ്യമായ ഉപകരണങ്ങൾ വാങ്ങുക എന്നതായിരുന്ന പ്രൊജക്ടിൽ വിഭാവനം ചെയ്തിരുന്നത്. പ്രൊജക്ടിന്റെ ഭാഗമായി ഗ്രാമ പഞ്ചായത്തിലെ 18 വാർഡിലേയും വിദ്യാലയങ്ങൾ, വാർഡ് കേന്ദ്രങ്ങൾ, അയൽ സഭകൾ, ക്ലബുകൾ, വായനശാലകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ വെച്ച് ബോധവൽക്കരണ ക്ലാസുകൾ നടത്തുകയും പരിശീലന പരിപാടികൾ നടത്തുകയും ചെയ്തിട്ടുണ്ട്. വാർഡ് തലത്തിലും വ്യവസായ വിദ്യാഭ്യാസ സ്ഥാപനങ്ങളിലൂടെയും door to door campaign ആയും ഏകദേശം 10000 ലധികം പേർക്ക് പരിശീലനം നൽകിയതായി ഗ്രാമ പഞ്ചായത്ത് ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്.

പ്രൊജക്ടിന് വേണ്ടി വന്ന ചെലവ് വിവരം ചുവടെ കൊടുക്കുന്നു.

| ചെലവിനം | ചെലവ് | റിമാർക്സ് |
|---|---|---|

| | തുക | |
|---|---|---|
| പരിശീലന ക്ലാസുകൾ നടത്തിയതിന് | 194100 | |
| AED മിഷൻ വാങ്ങിയതിന് | 137500 | ഹൃദയാഘാതം ഉണ്ടാകുന്ന വ്യക്തിക്ക് അടിയന്തിരമായി ഉപയോഗിക്കാവുന്ന ജീവൻ രക്ഷാ ഉപകരണം (Automated External Diffibrilator) |
| ബാനർ,ബ്രോഷർ ഡിസൈനിംഗ് ചാർജ് | 41680 | |
| practiman CPR ,AED Trainer Mini എന്നിവ വാങ്ങിയത് | 116560 | 6 NUMBERS of Half body Adult CPR Manikin,<br>full body infant Manikin- 1 NUMBER<br>AED Practise trainer- 1 number |
| ആകെ | 489840 | |

പ്രൊജക്ടിന്റെ നിർവ്വഹണവുമായി ബന്ധപ്പെട്ട് ചുവടെ കൊടുത്തിട്ടുള്ള അപാകതകൾ കാണുന്നു.

1. തദ്ദേശ ഭരണ സ്ഥാപനങ്ങൾ നിർദ്ദേശിക്കുന്ന പുതിയ ആശയങ്ങൾ ഉൾക്കൊള്ളുന്ന നൂതന പ്രൊജക്ടുകൾ പരിശോധിച്ച് വിലയിരുത്തുന്നത് ജില്ലാ കലക്ടർ ചെയർമാനും ജില്ലാ പ്ലാനിംഗ് ഓഫീസർ കൺവീനറുമായിട്ടുള്ള ജില്ലാതല വിദഗ്ധ സമിതിയാണ്. പ്രൊജക്ട് തദ്ദേശഭരണ സ്ഥാപനത്തിന്റെ ചുമതലയിൽ പെടുന്നതാണോയെന്നും നിർദ്ദേശിക്കപ്പെടുന്ന ചെലവുകളും പ്രതീക്ഷിക്കുന്ന സബ്സിഡികളും അനുയോജ്യവും നീതീകരിക്കാവുന്നതാണെന്നും ഉറപ്പ് വരുത്തുന്നതും തദ്ദേശ ഭരണ സ്ഥാപനം ഇടപെടേണ്ട മേഖലയാണോയെന്ന് പരിശോധിക്കുന്നതും ഈ വിദഗ്ധ സമിതിയാണ്. എന്നാൽ ഇപ്രകാരം വിദഗ്ധ സമിതിയുടെ അംഗീകാരം വാങ്ങിയതായി ഗ്രാമ പഞ്ചായത്ത് മറുപടി നൽകിയെങ്കിലും ആയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

2. പദ്ധതിയുടെ ജയ പരാജയങ്ങളെക്കുറിച്ച് മുൻകൂട്ടിയുള്ള സാധ്യതാ പഠനം (Pilot Study) നടത്തുകയോ പദ്ധതിയുടെ പ്രായോഗികത വിലയിരുത്തപ്പെടുകയോ ചെയ്തിട്ടില്ല

3. പദ്ധതി ലക്ഷ്യം സാക്ഷാൽക്കരിക്കുന്നതിനുതകുന്ന വിധം തുടർ പ്രവർത്തനങ്ങളോ പദ്ധതികളോ ആസൂത്രണം ചെയ്തിട്ടില്ല. ജീവൻരക്ഷാ ഉപകരണമായ എ.ഇ.ഡി. മെഷിൻ സ്ഥാപിക്കാനുള്ള ഒരു കേന്ദ്രവും ആയത് ആവശ്യമുള്ളവർക്ക് എത്രയും വേഗം എത്തിക്കുന്നതിന് ആംബുലൻസ് സൗകര്യവും ഏർപ്പെടുത്തുന്നതിന് ഗ്രാമ പഞ്ചായത്ത് ആലോചിക്കുന്നതായി ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ ഗ്രാമ പഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. എന്നാൽ തുടർ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടില്ല.

4. പരിശീലനം നൽകുന്നതിന് വേണ്ടി വാങ്ങിയ ഉപകരണങ്ങൾ പരിശീലനം നൽകിയ സ്ഥാപനം ഗ്രാമ പഞ്ചായത്തിന് കൈമാറിയതായി മറുപടി നൽകിയിട്ടുണ്ടെങ്കിലും ഉപകരണങ്ങൾ വേണ്ട വിധം സൂക്ഷിക്കുന്നതിനും തുടർന്നും ഉപയോഗപ്പെടുത്തുന്നതിനും സംവിധാനമൊന്നും ഏർപ്പെടുത്തിയിട്ടില്ല.

മേൽ അപാകതകൾക്ക് വസ്തുനിഷ്ഠമായ വിശദീകരണം ലഭ്യമാക്കേണ്ടതും ഗ്രാമ പഞ്ചായത്തിന്റെ പദ്ധതി ലക്ഷ്യം യാഥാർത്ഥ്യമാകുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചതിന്റെ വിവരം അറിയിക്കേണ്ടതുമാണ്.

## 1-39 ഗ്രാമം ആരാമം പദ്ധതി- അപാകത സംബന്ധിച്ച്

നിർവ്വഹണോദ്യോഗസ്ഥൻ- സെക്രട്ടറി

മേൽ പദ്ധതി പ്രകാരം താഴെ കൊടുത്തിട്ടുള്ള വിധം രണ്ട് പ്രൊജക്ടുകൾ ഓഡിറ്റ് വർഷം നടപ്പാക്കിയിട്ടുണ്ട്.

| പ്രൊജക്ടിന്റെ പേരും നമ്പറും | വകയിരുത്തിയ തുക | ചെലവ് തുക | ബിൽ നമ്പർ/ |
|---|---|---|---|

| | | | |
|---|---|---|---|
| | | | വൗച്ചർ നം. |
| ഗ്രാമ കേന്ദ്രങ്ങളിൽ സ്റ്റീൽ പ്ലേറ്റ്, ഗ്ലാസ് വാങ്ങൽ- ശുചിത്വ ഗ്രാമമായി നിലനിറുത്തൽ<br>230/19 (spill over) | 1000000<br>900000 (പ്ലാൻ)<br>100000(തനത്) | 900000 (plan)<br>99988 (own) | 4/2018-19,25-6-2018<br>വൗച്ചർ നം.<br>21800231/21-6-2018 |
| ഗ്രാമം ആരാമം പദ്ധതി- തുടർ പ്രവർത്തനങ്ങൾ<br>91/19 (New) | 425000<br>152306 (പ്ലാൻ)<br>272694 (തനത്) | 18858 (തനത്) | 21801337/ 31-3-1 |

ചേലേമ്പ്രയെ മാലിന്യമുക്തമാക്കി ശുചിത്വ ഗ്രാമമായി നിലനിറുത്തുന്നതിനും നാടിനെ പ്ലാസ്റ്റിക് വിമുക്തമാക്കുന്നതിനും ലക്ഷ്യമിട്ട മേൽ പ്രൊജക്ട് പ്രകാരം ഗ്രാമ പഞ്ചായത്തിലെ 18 വാർഡിലേയും ഗ്രാമ കേന്ദ്രങ്ങളിലേക്ക് 180 വീതം സ്റ്റീൽ പ്ലേറ്റുകളും 180 വീതം സ്റ്റീൽ ഗ്ലാസുകളും വാങ്ങിയിട്ടുണ്ട്. 18 വാർഡുകളിലേക്കായി ആകെ 3240 സ്റ്റീൽ പ്ലേറ്റുകളും 3240 സ്റ്റീൽ ഗ്ലാസുകളും കേരള ആർട്ടിസാൻസ് ഡവലപ്മെന്റ് കോ ഓപ്പറേറ്റീവ് ലിമി. (ARTCo-Ltd) എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. വാർഡ് വികസന സമിതി രക്ഷാധികാരി എന്ന നിലക്ക് വാർഡ് മെമ്പർമാർ പ്ലേറ്റുകളും ഗ്ലാസുകളും കൈപറ്റിയിട്ടുണ്ട്.

പ്രൊജക്ട് നിർവ്വഹണത്തിൽ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു.

1. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സംഘടിപ്പിക്കുന്ന പൊതു പരിപാടികളിൽ ഹരിത ചട്ടം പാലിക്കുന്നതിനും ഗ്രീൻ പ്രോട്ടോകോൾ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും പ്ലേറ്റുകളും ഗ്ലാസുകളും ആവശ്യത്തിനനുസൃതമായി വാങ്ങുന്നതിന് തനത് ഫണ്ട് വിനിയോഗിക്കുന്നതിന് ജി.ഒ.(ആർ.ടി.) 1863/2019/LSGD, തി- 29-8-2019 നമ്പർ ഉത്തരവ് പ്രകാരമാണ് സർക്കാർ അനുമതി നൽകിയിട്ടുള്ളത്. എന്നാൽ മേൽ ഉത്തരവ് സർക്കാർ പുറപ്പെടുവിക്കുന്നതിന് മുമ്പ് തന്നെ പദ്ധതിപ്പണം വിനിയോഗിച്ച് പ്ലേറ്റുകളും ഗ്ലാസുകളും വാങ്ങിയ ഗ്രാമ പഞ്ചായത്തിന്റെ നടപടി ക്രമ വിരുദ്ധമാണ്. സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ പദ്ധതിപ്പണം മേൽ ആവശ്യത്തിന് വിനിയോഗിച്ച നടപടിക്ക് സാധൂകരണം ലഭ്യമാക്കേണ്ടതാണ്.

2. വാങ്ങിയ പ്ലേറ്റുകളും ഗ്ലാസുകളും ഗ്രാമ പഞ്ചായത്തിന്റെ സ്റ്റോക്കിലെടുത്ത് ഗ്രാമ കേന്ദ്രങ്ങളിലേക്ക് വിതരണം ചെയ്തതായി രേഖകൾ ലഭ്യമല്ല.

3. വാങ്ങിയ പ്ലേറ്റുകളും ഗ്ലാസുകളും പൊതു ജനത്തിന് പ്രയോജനപ്പെടുന്ന രീതിയിൽ ലഭ്യമാക്കാൻ കാര്യക്ഷമമായ സംവിധാനം ഏർപ്പെടുത്തിയിട്ടില്ല.

4. നോട്ടീസ് പ്രിന്റ് ചെയ്ത് വിതരണം ചെയ്തതല്ലാതെ മറ്റ് തുടർ പ്രവർത്തനങ്ങളൊന്നും ആരാമം പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

മാലിന്യ സംസ്കരണത്തിന് ശക്തമായ പ്രവർത്തനങ്ങൾ നടത്തുന്നതിന് ഭരണസമിതിയുടെയും സ്റ്റാറ്റ്യൂട്ടറി സമിതികളുടെയും ഇച്ഛാശക്തിയോടെയുള്ള ഇടപെടലുകളും നേതൃത്വപരമായ നിർദ്ദേശങ്ങളും ഉണ്ടാവേണ്ടതാണ്.

# 1-40 പാലിയേറ്റീവ് രോഗികൾക്കുള്ള മരുന്ന് ലഭ്യമായിട്ടില്ല.

നിർവ്വഹണോദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, ചേലേമ്പ്ര

പാലിയേറ്റീവ് രോഗികൾക്ക് മരുന്നും ഭക്ഷണവും എന്ന പ്രൊജക്ട് പ്രകാരം (പ്രൊജക്ട് നമ്പർ-89/19) പരിരക്ഷാ പദ്ധതിക്കുള്ള മരുന്ന് വാങ്ങുന്നതിനായി 1,00,000 രൂപ പിൻവലിച്ച് കേരള മെഡിക്കൽ സർവ്വീസ് കോർപറേഷന് (KMSCL) നൽകിയിട്ടുണ്ട്. (ബിൽ നമ്പർ- 6/16-2-2019). എന്നാൽ മരുന്ന് നാളിതു വരെ ലഭ്യമായിട്ടില്ല. മരുന്ന്

ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്. മരുന്ന് ലഭ്യമാകുന്നത് വരെ ചെലവ് തുക 100000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-41 തുല്യതാ പരീക്ഷാ- നിർവ്വഹണത്തിലെ അപാകത

നിർവ്വഹണോദ്യോഗസ്ഥൻ- സെക്രട്ടറി

പ്രോജക്റ്റ് നം. 9/19

അടങ്കൽ- 250000 രൂപ (തനത്ഫണ്ട്- 200000, ഗു.വി.- 50000)

ചെലവ് തുക – 185550 രൂപ (തനത് ഫണ്ട്)

വൗച്ചർ നമ്പർ- 21801339/31-3-2019

മേൽ പ്രൊജക്റ്റ് പ്രകാരം $10^{th}$ ലവൽ, +1 ലവൽ തുല്യതാ പഠിതാക്കളുടെ രജിസ്ട്രേഷൻ ഫീ, പരീക്ഷാ ഫീസ് എന്നിവ ചുവടെ കൊടുത്തിട്ടുള്ള വിധം സംസ്ഥാന സാക്ഷരതാ മിഷനിലേക്ക് അടവാക്കിയിട്ടുണ്ട്.

| പഠിതാക്കളുടെ ഇനം | എണ്ണം | അടവാക്കിയ തുക |
|---|---|---|
| $10^{th}$ ലവൽ | 57 | 1750x57= 99750 |
| +1 ലവൽ | 39 | 2200x 39= 85800 |
| ആകെ | | 185550 രൂപ |

പദ്ധതി നിർവ്വഹണത്തിൽ ചുവടെ കൊടുത്തിട്ടുള്ള അപാകതകൾ കാണുന്നു.

1. മൊത്തം ചെലവിന്റെ 25% ഗുണഭോക്തൃ വിഹിതമായിട്ടാണ് പ്രൊജക്റ്റിൽ വകയിരുത്തിയിട്ടുള്ളത്. ഗുണഭോക്തൃ വിഹിതം ഗ്രാമ പഞ്ചായത്തിൽ അടവാക്കേണ്ടതുമാണ്. മൊത്തം 46416 രൂപ ഗുണഭോക്തൃ വിഹിതമായി ഗ്രാമ പഞ്ചായത്തിൽ അടവാക്കേണ്ടതുണ്ട്. എന്നാൽ ഗുണഭോക്തൃ വിഹിതമായി 27300 രൂപ മാത്രമാണ് ഈടാക്കിയിട്ടുള്ളത്. ഗുണഭോക്തൃ വിഹിതമായി ഈടാക്കിയ 27300 രൂപ 12-4-2019 ന് സാക്ഷരതാ മിഷന്റെ അക്കൗണ്ടിലേക്ക് കൈമാറിയതായി ഗ്രാമ പഞ്ചായത്ത് അറിയിച്ചിട്ടുണ്ട്.

2. ചെലവ് തുക 1,85,550 രൂപ പൂർണ്ണമായി തനത് ഫണ്ടിൽ നിന്നാണ് നൽകിയത്. ഗുണഭോക്തൃ വിഹിതമിനത്തിൽ 19116 രൂപ കൂടി ഈടാക്കി മൊത്തം 46416 (27300+ 19116) തനത് ഫണ്ടിലേക്ക് ക്രമീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

3. പഠിതാക്കൾ മുഴുവനും പരീക്ഷ എഴുതിയതിന്റെയും പാസായതിന്റെയും വിവരം ഉറപ്പാക്കി സാക്ഷരതാ മിഷനിൽ ഗ്രാമ പഞ്ചായത്തിന്റെ ഫണ്ട് മുടങ്ങിക്കിടക്കുന്ന അവസ്ഥ ഒഴിവാക്കേണ്ടതാണ്.

## 1-42 അംഗനവാടി പൂരകപോഷകാഹാരപരിപാടി - അപാകതകൾ

സംയോജിത ശിശുവികസന ഓഫീസർ നടപ്പാക്കിയ അങ്കണവാടി പൂരക പോഷകാഹാര പരിപാടി എന്ന പദ്ധതിയിൽ (13/19) വികസനഫണ്ട് 20 ലക്ഷം രൂപയും കേന്ദ്രാവിഷ്കൃതഫണ്ട് 15 ലക്ഷം രൂപയും വകയിരുത്തിയതിൽ മുഴുവൻ തുകയും ചെലവഴിച്ചിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന ബിൽ/ചെക്ക് പ്രകാരം ചെലവഴിച്ച തുകകളിൽ അപാകതകൾ സംഭവിച്ചിട്ടുണ്ട്.

| ബിൽ/ ചെക്ക് നമ്പർ, | തുക | റിമാർക്സ് |
|---|---|---|
| JK2201538/ | 3,25,709 | ചെക്ക് പ്രകാരം നല്കിയ തുകയിൽ ഉൾപ്പെട്ട 63,960/- രൂപ ചെലേമ്പ്ര കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ 685/1.2.19 |

| | | |
|---|---|---|
| 21.2.19 | | ഇൻവോയ്സാണ്. ഇതിൽ ചെറുപയറിന്റെ വില84/- രൂപ നിരക്കിൽ 650 കി.ഗ്രാമിന്റെ വിലയായി 54,600 രൂപ നല്കിയിട്ടുണ്ട്. എന്നാൽ 31.1.19ലെ M2/7850/15 നമ്പർ സപ്ലൈകോയുടെ നിരക്ക് (Bulk sales rate) നിശ്ചയിച്ചുകൊണ്ടുള്ള ഉത്തരവിൽ 69/- രൂപയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇതുമൂലം 9,750/- (15x650) രൂപ അധികം നല്കാനിടയായിട്ടുണ്ട്. |
| | | |

മറുപടി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (04/13.11.19) ഗുണനിലവാരമുള്ള ഭക്ഷ്യസാധനങ്ങൾ വാങ്ങിയതുമൂലമാണ് അധികവില നല്കേണ്ടി വന്നതെന്ന് വിശദീകരിക്കുകയുണ്ടായി. അധികം നല്കിയ തുക നിർവഹണോദ്യോഗസ്ഥയിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-43 പശുവളർത്തൽ - വനിത (ജനറൽ) അപാകതകൾ

| | | |
|---|---|---|
| പ്രൊജക്ട് നമ്പർ | 69/19 | |
| വകയിരുത്തിയ തുക | 6,00,000 (വികസനഫണ്ട്) | |
| | 6,00,000 (ധനകാര്യകമ്മീഷൻ ഗ്രാന്റ്) | |
| ചെലവഴിച്ച തുക | Bill 8/19 dt. 28.12.18 | 50,000 |
| | Bill 9/19 dt. 28.12.18 | 50,000 |
| | Bill 11/19 dt. 28.01.19 | 2,00,000 |
| | Bill 16/19 dt. 16.02.19 | 1,00,000 |
| | Bill 19/19 25.03.19 | 1,00,000 |
| | Bill 24/19 25.03.19 | 75,000 |
| | ആകെ | 5,75,000 |

പഞ്ചായത്തിലെ വനിതാ ക്ഷീരകർഷകർക്ക് പാലുൽപാദനം വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യമിട്ട് നടപ്പാക്കിയ പദ്ധതിയിൽ 23 ഗുണഭോക്താക്കൽക്ക് മേൽ ബില്ലുകൾ പ്രകാരം 25000/- രൂപ വീതം 5,75,000/- വികസനഫണ്ടിൽനിന്നും ധനസഹായം നല്കിയിട്ടുണ്ട്. ഫയൽ പരിശോധനയിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. പശുവിനെ വാങ്ങുന്നതിന് സാമ്പത്തിക സഹായം ലഭിച്ച ഗുണഭോക്താക്കളായ 1. അനിത സി.കെ, 2. സുഹറ, 3. പുഷ്പ കെങ്കടമുരിക്കോട്, 4. ഫാത്തിമത്ത് സുഹ്റ എന്നിവർ പശുവിനെ ഇൻഷൂർ ചെയ്ത രേഖകൾ ഹാജരാക്കിയിട്ടില്ല.

2. സലീന കാവുങ്ങൽ, സുഹറ അപ്പാട്ട് എന്നീ രണ്ട് ഗുണഭോക്താക്കൾക്കാണ് ഇമ്പിച്ചിക്കോയ പി.കെ എന്നയാൾ പശുവിനെ നല്കിയിട്ടുള്ളത് എന്ന് ഫയലിൽ കാണുന്നു. എന്നാൽ ബിൽ 9 പ്രകാരം 25,000/- രൂപയും ബിൽ 19 പ്രകാരം 50,000/- രൂപയും ഉൾപ്പെടെ ആകെ 75,000/- രൂപ ടിയാന്റെ അക്കൗണ്ടിലേക്ക് നല്കിയിട്ടുണ്ട്.

3. ലീല സി.പി അമ്പാടി എന്ന ഗുണഭോക്താവ് കരാറുടമ്പടി വെച്ചിട്ടില്ല.

അപാകതകൾക്ക് മറുപടി ലഭ്യമാണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (05/13.11.19) രേഖകൾ ഹാജരാക്കുന്നതാണെന്ന് നിർവഹണോദ്യോഗസ്ഥനായ വെറ്റിനറി സർജൻ അറിയിച്ചിട്ടുണ്ട്.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 3-1 വനിത വ്യവസായ കേന്ദ്രം അറ്റകുറ്റപണി -അപാകത - അധികം നൽകിയത് 18057 രൂപ

പ്രോജക്റ്റ് നം - 254/19

എം. ബുക്ക് - 88/17-18, 349/18-19

കരാർ - 51/15.12.17 (Estimate rate)

മൂല്യനിർണ്ണയം - 292285

ചെക്ക്- JK 0175743/28.3.19

കരാറുകാരൻ -സുരേഷ് ബാബു.P

Cost Index - 40.2% (DSR 2014)

TS-300000

വനിത വ്യവസായ കേന്ദ്രം കെട്ടിടത്തിന്റെ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കെട്ടിടത്തിന് മുകളിൽ റൂഫിംഗ് നടത്തിയിട്ടുണ്ട്. പ്രവൃത്തിയിൽ ചെയ്ത 665.52 Kg വരുന്ന സ്റ്റീൽ വർക്ക് പ്രവൃത്തികളിൽ പർലിൻ പ്രവൃത്തികൾക്ക് (409.93Kg) ട്രസ്സ് വർക്ക് ചെയ്യുന്നതിനുള്ള 126.53/kg നിരക്കാണ് അനുവദിച്ചിട്ടുള്ളത് (DSR 10.16.1). എന്നാൽ ഈ പ്രവൃത്തിയിൽ മുഴവൻ ചെയ്തിട്ടുള്ളത് സിംഗിൾ സെക്ഷൻ പ്രവൃത്തിയാണ്. Common Rafter,Wall plate, Post എന്നിവക്ക് സിംഗിൾ സെക്ഷന്റെ നിരക്കാണ് (81.95/kg) അനുവദിച്ചിട്ടുള്ളത്. പർലിൻ പ്രവൃത്തികൾക്ക് അനുവദിക്കാവുന്ന നിരക്ക് DSR 10.1 കോഡ് പ്രകാരമുള്ള 81.95/kg രൂപയാണ്. പ്രവൃത്തി ഓവർസിയറുടെ സാന്നിധ്യത്തിൽ 15.11.19 ന് നേരിൽ പരിശോധിച്ചു. വിശദ വിവരം ചുവടെ

| ഇനം | അനുവദിച്ച തുക | അനുവദിക്കാവുന്ന തുക | അധികം |
|---|---|---|---|
| 3 | 409.93 kg x 126/kg = 51651 | 409.93 kg x 81.95/kg = 33594 | 18057 |

 

മറ്റ് അപാകത

റൂഫിംഗിന് നാലു വശങ്ങളിലും PVC Gutter ഉപയോഗിച്ച് വെള്ളം ഒഴുകിപോകുന്നതിനുള്ള സംവിധാനം ചെയ്തിട്ടുണ്ടെങ്കിലും നിലവിലുള്ള മഴവെള്ള സംഭരണിയിലേക്ക് എത്തിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. തൊട്ടടുത്തുള്ള വെറ്ററിനറി ഹോസ്പിറ്റലിന്റെ കുഴൽകിണറിൽ നിന്നാണ് വെള്ളം ഉപയോഗിക്കുന്നത്.

പ്രവൃത്തിയിൽ കരാറുകാരന് അധികം നൽകിയത് 18057 രൂപ. ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 22/16.11.19) മറുപടിയായി വെൽഡിംഗുകളും മറ്റ് അനുബന്ധ പ്രവൃത്തികളും ആവശ്യമായി വരുന്നതിനാലാണ് DSR Code 10.16.1 പ്രകാരമുള്ള ഇനം നൽകിയിത് എന്ന് വ്യക്തമാക്കി. വെൽഡിംഗ് ആവശ്യമായി വരുന്ന Common Rafter, Wall plate എന്നിവക്ക് പോലും സിംഗിൾ സെക്ഷന്റെ നിരക്കാണ് (81.95/kg) പ്രവൃത്തിയിൽ അനുവദിച്ചിട്ടുള്ളത്. അതുകൊണ്ട് തന്നെ പർലിൻ പ്രവൃത്തികൾക്ക് ട്രസ്സ് വർക്കിന്റെ നിരക്ക് അനുവദിച്ചത് അംഗീകരിക്കുന്നില്ല. തുക കരാറുകാരനിൽ നിന്നും ഈടാക്കുന്നത് വരെ 18057 രൂപ പ്രവൃത്തിയുടെ അളവുകൾ രേഖപ്പെടുത്തിയ അസി.എഞ്ചിനീയറുടെ ബാധ്യതയായി നിജപ്പെടുത്തുന്നു.

## 3-2 കുറ്റിപ്പുറമ്പ് അംഗനവാടി റിപ്പയർ -അപാകത - അധികം നൽകിയത് 7280 രൂപ

പ്രോജക്റ്റ് നം - 198/19

എം. ബുക്ക് - 326/18-19

കരാർ - 112/28.3.18 (Estimate rate)

മൂല്യനിർണ്ണയം - 100000

ബിൽ - 31/29.12.18

കരാറുകാരൻ -SK Construction Company,Ramanatukara

Cost Index -40.2% (DSR 2014)

TS-215000

Est. No-2018/126694

കുറ്റിപ്പുറമ്പ് അംഗൻവാടി കെട്ടിടത്തിൻമേലുള്ള റിപ്പയർ പ്രവൃത്തികൾ 1 ലക്ഷം മൂല്യ നിർണ്ണയത്തിൽ പൂർത്തിയായിട്ടുണ്ട്. പ്രവൃത്തിയിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. സ്റ്റീൽ വർക്ക് പ്രവൃത്തികൾക്ക് അധിക നിരക്ക് നൽകി

കെട്ടിടത്തിന് മേൽക്കൂര നിർമ്മിച്ചപ്പോൾ പർലിൻ/സിംഗിൾ സെക്ഷൻ ഉൾപ്പെടെയുള്ള സ്റ്റീൽ വർക്ക് പ്രവൃത്തികൾക്ക് ട്രസ്സ് വർക്ക് ചെയ്യുന്നതിനുള്ള 126.53/kg നിരക്കാണ് അനുവദിച്ചിട്ടുള്ളത് (DSR 10.16.1). എന്നാൽ ഈ പ്രവൃത്തിയിൽ 96kg വരുന്ന പർലിൻ പ്രവൃത്തികൾക്ക് സിംഗിൾ സെക്ഷൻ പ്രവൃത്തിയായതിനാൽ അനുവദിക്കാവുന്ന നിരക്ക് DSR 10.1 കോഡ് പ്രകാരമുള്ള 81.95/kg രൂപയാണ്. വിശദ വിവരം ചുവടെ

| ഇനം | അനുവദിച്ച തുക | അനുവദിക്കാവുന്ന തുക | അധികം |
|---|---|---|---|
| 4 | 341.67 kg x 126.53/kg = 43231.51 | 245.67 kg x 126.53/kg = 31085<br>96 kg x 81.95/kg = 7867(പർലിൻ)<br>38952<br>(31085+7867) | 4280 |

2. ആദായ നികുതി കുറവായി ഈടാക്കി

SK Construction Company, Ramanatukara എന്ന സ്ഥാപനമാണ് പ്രവൃത്തി നടത്തിയിട്ടുള്ളത്. പ്രവൃത്തിയിൽ ആദായ നികുതി 2% ഈടാക്കുന്നതിന് പകരം 1% ഈടാക്കിയതിനാൽ ആദായ നികുതിയിനത്തിൽ കുറവ് 1000 രൂപ.

3. പ്രവൃത്തി വൈകി പൂർത്തീകരിച്ചതിന് പിഴ ഈടാക്കിയില്ല.

പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാരൻ പ്രവൃത്തി നിശ്ചിത സമയ പരിധിക്കകം പൂർത്തീകരിച്ചിട്ടില്ല. നിശ്ചിത സമയത്തിനകം പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാരിൽ നിന്ന് കേരള പൊതുമരാമത്ത് മാന്വൽ 2012 ഖ.2112 നിർദ്ദേശിക്കും പ്രകാരമുള്ള പിഴ ഈടാക്കാതെയാണ് കരാറുകാരന് തുക നൽകിയിട്ടുള്ളത്.

കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാൻ കഴിയാതെ വരികയാണെങ്കിൽ ദീർഘീകരണത്തിനുള്ള അപേക്ഷ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന കാലാവധി തീരുന്നതിന് മുമ്പായി നൽകേണ്ടതാണ്. എന്നാൽ അത്തരത്തിലുള്ള അപേക്ഷകൾ ഫയലിൽ ഇല്ല. അത് കൊണ്ട് തന്നെ കരാറുകാരുടെ പിഴവ് മൂലമാണ് പ്രവൃത്തി വൈകിയതെന്ന് വ്യക്തമാണ്. കരാറുകാരുടെ പിഴവ് മൂലം പ്രവൃത്തി പൂർത്തീകരണം വൈകിയാൽ 25% വരെയുള്ള ദിവസത്തിന് 1% നിരക്കിലും തുടർന്നുള്ള കാലയളവിലേക്ക് 2% നിരക്കിലുമാണ് പിഴ ഈടാക്കേണ്ടത്.

| സൈറ്റ് ഹാൻഡ് ഓവർ ചെയ്തത് | പൂർത്തീകരണ കാലാവധി | പൂർത്തീകരിച്ചത് | പിഴ |
|---|---|---|---|
| 28.3.18 | (3 മാസം)<br>27.6.18 | 10.11.18 | 3000<br>(20.7.18 വരെ 1000<br>21.7.2018 മുതൽ 13.8.18 വരെ 2000) |

4. കെട്ടിടത്തിന് മുകളിൽ പാരപ്പറ്റ് കെട്ടിയിട്ടില്ല

സ്ഥല പരിശോധനയുടെ ഭാഗമായി പ്രസ്തുത കെട്ടിടം ഓവർസിയറുടെ സാന്നിധ്യത്തിൽ നേരിൽ സന്ദർശിച്ചു. 18-19ലെ പ്രവൃത്തിക്ക് പുറമെ 19-20 വർഷത്തിൽ കെട്ടിടത്തിന് മുകളിലേക്ക് കയറുന്നതിന് Stair Case വച്ചിട്ടുണ്ട്. കെട്ടിടത്തിന് മുകൾ ഭാഗം ഉപയോഗപ്പെടുത്തുന്നതിന് മുകളിൽ റൂഫിംഗ് നടത്തുകയും Stair Case വക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ കെട്ടിടത്തിന് മുകളിൽ പാരപ്പറ്റ് കെട്ടിയിട്ടില്ലാത്തതിനാൽ മുകൾ ഭാഗം ഉപയോഗിക്കാൻ കഴിയുന്നില്ല. ഉയർന്ന രീതിയിൽ റൂഫിംഗ് നടത്തിയിട്ടുള്ളതിനാൽ പാരപ്പറ്റ് കെട്ടുന്നതിനുള്ള പ്രൊവിഷൻ കൂടി വക്കാഞ്ഞത് 19-20 വർഷത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയതിലെ അപാകതയായി കാണുന്നു.

പ്രവൃത്തിയിൽ കരാറുകാരന് അധികം നൽകിയത് 8280 (4280+1000+3000) രൂപ. ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 15 /16.11.19) മറുപടിയായി വെൽഡിംഗ് പ്രവൃത്തികളും മറ്റ് അനുബന്ധപ്രവൃത്തികളും ആവശ്യമായി വരുന്നതിലാണ് DSR Code 10.16.1 ഇനം അനുവദിച്ചതെന്ന് വ്യക്തമാക്കി. പർലിൻ പ്രവൃത്തികൾ സിംഗിൾ സെക്ഷൻ പ്രവൃത്തിയായതിനാൽ അനുവദിക്കാവുന്ന നിരക്ക് DSR 10.1 കോഡ് പ്രകാരമുള്ള 81.95/kg രൂപയാണ്. അതുകൊണ്ട് തന്നെ മറുപടി തൃപ്തികരമല്ല. കൂടാതെ ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 15/16.11.19) മറുപടിയായി ആദായ നികുതിയിനത്തിൽ കുറവ് വന്ന 1000 രൂപ 26.11.19 ന് 01164 ചലാൻ പ്രകാരം അടവാക്കിയതിന്റെ രേഖ ഹാജരാക്കിയതിനാൽ ഇതിൻമേലുള്ള തടസ്സം തുടരുന്നില്ല. അയൽക്കാരന്റെ വീട്ടിലെ മരം അംഗനവാടിക്ക് മുകളിൽ തൂങ്ങി നിന്നത് മുറിച്ച് നീക്കാൻ സമയമെടുത്തതാണ് പ്രവൃത്തി പൂർത്തീകരിക്കുന്നതിന് തടസ്സമായി നിന്നത് എന്ന മറുപടി ലഭ്യമാക്കിയത്. പ്രവൃത്തി നിശ്ചിത സമയ പരിധിക്കകം പൂർത്തീകരിക്കാൻ കഴിയാത്ത സാഹചര്യം കാണിച്ചുകൊണ്ട് കരാറുകാരൻ അപേക്ഷ തരുകയും ആയത് ഭരണ സമിതി അംഗീകരിക്കുകയും ചെയ്തിട്ടില്ലാത്തതിനാൽ അംഗീകരിക്കുന്നില്ല.

തുക കരാറുകാരനിൽ നിന്നും ഈടാക്കുന്നത് വരെ 7280 രൂപ പ്രവൃത്തിയുടെ അളവുകൾ രേഖപ്പെടുത്തുകയും പേമെന്റ് അനുവദിക്കുകയും ചെയ്ത അസി.എഞ്ചിനീയറുടെ ബാധ്യതയായി നിജപ്പെടുത്തുന്നു.

## 3-3 PHC പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കൽ -അപാകത - അധികം നൽകിയത് 11421 രൂപ

പ്രോജക്റ്റ് നം - 159/19

എം. ബുക്ക് - 114/17-18

കരാർ - 1/11.6.18 (Estimate rate)

മൂല്യനിർണ്ണയം - 84365

ചെക്ക്- 5419304/15.11.18

കരാറുകാരൻ -ശുഹൈബ് .KM

Cost Index - 40.2% (DSR 2014)

TS-100000

Est. No-2017/34770

PHC കെട്ടിടത്തിന്റെ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കെട്ടിടത്തിന് മുന്നിൽ റൂഫിംഗ് നടത്തിയിട്ടുണ്ട്. പ്രവൃത്തിയിൽ ചെയ്ത സ്റ്റീൽ വർക്ക് പ്രവൃത്തികൾക്ക് ട്രസ്സ് വർക്ക് ചെയ്യുന്നതിനുള്ള 126.53/kg നിരക്കാണ് അനുവദിച്ചിട്ടുള്ളത് (DSR 10.16.1). എന്നാൽ ഈ പ്രവൃത്തിയിൽ മുഴുവൻ ചെയ്തിട്ടുള്ളത് സിംഗിൾ സെക്ഷൻ പ്രവൃത്തിയായതിനാൽ അനുവദിക്കാവുന്ന നിരക്ക് DSR 10.1 കോഡ് പ്രകാരമുള്ള 81.95/kg രൂപയാണ്. പ്രവൃത്തി ഓവർസിയറുടെ സാന്നിധ്യത്തിൽ 15.11.19 ന് നേരിട്ട് പരിശോധിച്ചതിൽ നിന്നും നടത്തിയിട്ടുള്ളത് സിംഗിൾ സെക്ഷൻ പ്രവൃത്തിയാണെന്ന് വ്യക്തമായിട്ടുണ്ട്. വിശദ വിവരം ചുവടെ

| ഇനം | അനുവദിച്ച തുക | അനുവദിക്കാവുന്ന തുക | അധികം |
|---|---|---|---|
| 4 | 256.20 kg x 126.53/kg = 32417 | 256.20 kg x 81.95/kg = 20996 | 11421 |

പ്രവൃത്തിയിൽ കരാറുകാരന് അധികം നൽകിയത് 11421 രൂപ. നഷ്ടം പ്രവൃത്തിയുടെ അളവ് രേഖപ്പെടുത്തുകയും പേമെന്റ് അനുവദിക്കുകയും ചെയ്ത അസി.എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.



മറ്റ് അപാകത

നിലവിൽ PHC യിൽ ഉള്ള കുഴൽ കിണറിൽ (Hand Pump) നിന്നും വെള്ളം ലഭിക്കുന്നില്ല. കുടിവെള്ളത്തിനും മറ്റ് പ്രാഥമിക ആവിശ്യങ്ങൾക്കും വേണ്ടി തൊട്ടടുത്തുള്ള വീട്ടിൽ നിന്നാണ് വെള്ളം എടുത്തുകൊണ്ടിരിക്കുന്നത്. PHC

കെട്ടിടത്തിൽ വെള്ളം ലഭ്യമാക്കുന്നതിന് കേടുവന്ന കുഴൽ കിണർ നന്നാക്കുന്നതിനോ പുതിയ കിണർ/കുഴൽ കിണർ കുഴിക്കുന്നതിനുള്ള സ്ഥലം സ്വന്തമായി ഉണ്ടായിട്ടും കിണർ കുഴിച്ച് നൽകുന്നതിനോ ഗ്രാമ പഞ്ചായത്തിന്റെ ഭാഗത്ത് നിന്നും നടപടിയുണ്ടായതായി കാണുന്നില്ല. പൊതുജനങ്ങൾ ധാരാളം കയറിയിറങ്ങുന്ന ഒരു സർക്കാർ ഓഫീസിൽ വെള്ളത്തിനുള്ള സൗകര്യം ഒരുക്കേണ്ടത് ഗ്രാമ പഞ്ചായത്തിന്റെ പ്രാഥമിക ചുമതലയിൽ പെടുന്ന കാര്യമാണ്. ഇതിനായി സ്വീകരിച്ച തുടർ നടപടികൾ ഓഡിറ്റ് റിപ്പോർട്ടിനുള്ള ആദ്യമറുപടിയിൽ വിശദീകരിക്കേണ്ടതാണ്.

പ്രവൃത്തിയിൽ കരാറുകാരന് അധികം നൽകിയത് 11421രൂപ. ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 18 / 16.11.19) മറുപടിയായി വെൽഡിംഗുകളും മറ്റ് അനുബന്ധ പ്രവൃത്തികളും ആവശ്യമായി വരുന്നതിനാലാണ് DSR Code 10.16.1 പ്രകാരമുള്ള ഇനം നൽകിയത് എന്ന് വ്യക്തമാക്കി. എന്നാൽ വെൽഡിംഗ് പ്രവൃത്തികൾ അധികമില്ലാത്ത സിംഗിൾ സെക്ഷൻ പ്രവൃത്തിയാണ് നടത്തിയിട്ടുള്ളതെന്ന് സ്ഥലം ഓവർസിയറുടെ സാന്നിധ്യത്തിൽ നേരിട്ട് പരിശോധിച്ചതിൽ നിന്നും വ്യക്തമായിട്ടുണ്ട്. അതുകൊണ്ട് തന്നെ മറുപടി അംഗീകരിക്കുന്നില്ല. തുക കരാറുകാരനിൽ നിന്നും ഈടാക്കുന്നത് വരെ 11421 രൂപ പ്രവൃത്തിയുടെ അളവുകൾ രേഖപ്പെടുത്തിയ അസി.എഞ്ചിനീയറുടെ ബാധ്യതയായി നിജപ്പെടുത്തുന്നു.

## 3-4 പൈങ്ങോട്ടൂർ അംഗനവാടി റിപ്പയർ -അപാകത - അധികം നൽകിയത് 2791 രൂപ

പ്രോജക്റ്റ് നം - 80/19

എം. ബുക്ക് - 323/18-19

കരാർ - 35/26.9.18 (Estimate rate)

മൂല്യനിർണ്ണയം - 188277

ബിൽ - 39/29.1.19

കരാറുകാരൻ -ദേവദാസൻ.സി

Cost Index -37.25% (DSR 2016)

TS-200000

കെട്ടിടത്തിന് മേൽക്കൂര നിർമ്മിച്ചപ്പോൾ പർലിൻ/സിംഗിൾ സെക്ഷൻ ഉൾപ്പെടെയുള്ള സ്റ്റീൽ വർക്ക് പ്രവൃത്തികൾക്ക് ട്രസ്സ് വർക്ക് ചെയ്യുന്നതിനുള്ള 123.87/kg നിരക്കാണ് അനുവദിച്ചിട്ടുള്ളത് (DSR 10.16.1). എന്നാൽ ഈ പ്രവൃത്തിയിൽ 63.94 kg (Limited to Estimate) (60.901(Estimate)+5%) വരുന്ന പർലിൻ പ്രവൃത്തികൾക്ക് സിംഗിൾ സെക്ഷൻ പ്രവൃത്തിയായതിനാൽ അനുവദിക്കാവുന്ന നിരക്ക് DSR 10.1 കോഡ് പ്രകാരമുള്ള 80.22/kg രൂപയാണ്. വിശദ വിവരം ചുവടെ

| ഇനം | അനുവദിച്ച തുക | അനുവദിക്കാവുന്ന തുക | അധികം |
|---|---|---|---|
| 5 | 246.72 kg x 123.87/kg = 30561 | 182.78 kg x 123.87/kg = 22641<br>63.94 kg x 80.22/kg = 5129(Purline)<br>27770<br>(22641+5129) | 2791 |

കൂടാതെ പ്രവൃത്തിയിൽ മുൻപുണ്ടായിരുന്ന ട്രസ്സ് വർക്ക് പൊളിച്ച് മാറ്റിയതിന് 4725 രൂപ (10 nosx487/each) ചെലവഴിച്ചിട്ടുണ്ട്. ഇതിൽ നിന്നും കിട്ടിയ പൈപ്പുകളും ഷീറ്റുകളും ലേലം ചെയ്തതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.

പ്രവൃത്തിയിൽ കരാറുകാരന് അധികം നൽകിയത് 2791രൂപ. ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 17/16.11.19) മറുപടിയായി വെൽഡിംഗ് പ്രവൃത്തികളും മറ്റ് അനുബന്ധ പ്രവൃത്തികളും ആവശ്യമായി വരുന്നതിലാണ് DSR Code 10.16.1 ഇനം അനുവദിച്ചതെന്ന് വ്യക്തമാക്കി. പർലിൻ പ്രവൃത്തികൾ സിംഗിൾ സെക്ഷൻ പ്രവൃത്തിയായതിനാൽ അനുവദിക്കാവുന്ന നിരക്ക് DSR 10.1 കോഡ് പ്രകാരമുള്ള 80.22/kg രൂപയാണ്. അതുകൊണ്ട് തന്നെ മറുപടി തൃപ്തികരമല്ല. തുക കരാറുകാരനിൽ നിന്നും ഈടാക്കുന്നത് വരെ 2791 രൂപ പ്രവൃത്തിയുടെ അളവുകൾ രേഖപ്പെടുത്തിയ അസി.എഞ്ചിനീയറുടെ ബാധ്യതയായി നിജപ്പെടുത്തുന്നു.

# 3-5 മൃഗാശുപത്രി കെട്ടിടം അറ്റകുറ്റപണി -അപാകത - അധികം നൽകിയത് 10364 രൂപ

പ്രോജക്റ്റ് നം - 186/19

എം. ബുക്ക് - 102/17-18

കരാർ - 54/15.12.17 (Estimate rate)

മൂല്യനിർണ്ണയം - 275390

ബിൽ - 16/12.7.18

കരാറുകാരൻ -സുരേഷ് ബാബു. P

Cost Index -40.2% (DSR 2014)

TS-300000

മൃഗാശുപത്രി കെട്ടിടത്തിന്റെ അറ്റകുറ്റപ്പണിയുടെ ഭാഗമായി കെട്ടിടത്തിന് മേൽക്കൂര നിർമ്മിച്ചപ്പോൾ പർലിൻ/ സിംഗിൾ സെക്ഷൻ ഉൾപെടെയുള്ള സ്റ്റീൽ വർക്ക് പ്രവൃത്തികൾക്ക് ട്രസ്സ് വർക്ക് ചെയ്യുന്നതിനുള്ള 126.53/kg നിരക്കാണ് അനുവദിച്ചിട്ടുള്ളത് (DSR 10.16.1). എന്നാൽ ഈ പ്രവൃത്തിയിൽ 96kg വരുന്ന പർലിൻ പ്രവൃത്തികൾക്ക് സിംഗിൾ സെക്ഷൻ പ്രവൃത്തിയായതിനാൽ അനുവദിക്കാവുന്ന നിരക്ക് DSR 10.1 കോഡ് പ്രകാരമുള്ള 81.95/kg രൂപയാണ്. വിശദ വിവരം ചുവടെ

| ഇനം | അനുവദിച്ച തുക | അനുവദിക്കാവുന്ന തുക | അധികം |
|---|---|---|---|
| 3 | 481 kg x 126/kg = 60641 | 243.59 kg x 126.53/kg = 30821<br>237.41 kg x 81.95/kg = 19456 (Purline)<br>50277<br>(30821+19456) | 10364 |

പ്രവൃത്തിയിൽ കരാറുകാരന് അധികം നൽകിയത് 10364 രൂപ.

പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ മൃഗാശുപത്രി കെട്ടിടത്തിന്റെ തൊട്ടടുത്ത് സ്ഥിതി ചെയ്യുന്ന വനിതാ വ്യവസായ കേന്ദ്രത്തിലെ കുഴൽകിണറിൽ മോട്ടോറിൽ നിന്നും (കുഴൽ കിണർ സ്ഥിതി ചെയ്യുന്നത് മൃഗാശുപത്രി കോമ്പൗണ്ടിലും മോട്ടോർ വച്ചത് വനിതാ വ്യവസായ കേന്ദ്രം കോമ്പൗണ്ടിലുമാണ്) വെള്ളം മൃഗാശുപത്രി കെട്ടിടത്തിലേക്ക് എത്തിക്കുന്നതിന് വേണ്ടി PVC പൈപ്പുകൊണ്ടുള്ള ഡിസ്ട്രിബ്യൂഷൻ ലൈനിന് പ്രൊവിഷൻ വച്ചിരുന്നു. എന്നാൽ പ്രവൃത്തിയിൽ അത് ചെയ്തിട്ടില്ല. നിലവിൽ മൃഗാശുപത്രി കെട്ടിടത്തിന് കുടിവെള്ളത്തിനും മറ്റ് പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റുന്നതിനും വെള്ളമില്ലാത്ത സ്ഥിതിയാണ്. എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ 1000 Ltre വാട്ടർ ടാങ്ക് കെട്ടിടത്തിന് മുകളിൽ വക്കുകയല്ലാതെ പദ്ധതി പ്രകാരം ഉദ്ദേശിച്ച ലക്ഷ്യം കൈവരിക്കുന്നതിന് പ്രോജക്റ്റ് കൊണ്ട് കഴിഞ്ഞിട്ടില്ല. മൃഗാശുപത്രി കെട്ടിടത്തിന് സമീപത്ത് കൂടി ജലനിധി പൈപ്പ് ലൈൻ പോകുന്നുണ്ടെങ്കിലും കണക്ഷൻ എടുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. മൃഗാശുപത്രി കെട്ടിടത്തിന് വെള്ളം

എത്തിക്കുന്നതിന് സ്വീകരിച്ച തുടർ നടപടികൾ ഓഡിറ്റ് റിപ്പോർട്ടിനുള്ള ആദ്യ മറുപടിയിൽ വിശദീകരിക്കേണ്ടതാണ്.

പ്രവൃത്തിയിൽ കരാറുകാരന് അധികം നൽകിയത് 10364 രൂപ. ഓഡിറ്റ് അന്വേഷണത്തിന് മറുപടി ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 23 /16.11.19) മറുപടിയായി വെൽഡിംഗ് പ്രവൃത്തികളും മറ്റ് അനുബന്ധ പ്രവൃത്തികളും ആവശ്യമായി വരുന്നതിലാണ് DSR Code 10.16.1 ഇനം അനുവദിച്ചതെന്ന് വ്യക്തമാക്കി. പർലിൻ പ്രവൃത്തികൾ സിംഗിൾ സെക്ഷൻ പ്രവൃത്തിയായതിനാൽ അനുവദിക്കാവുന്ന നിരക്ക് DSR 10.1 കോഡ് പ്രകാരമുള്ള 81.95/kg രൂപയാണ്. അതുകൊണ്ട് തന്നെ മറുപടി തൃപ്തികരമല്ല. തുക കരാറുകാരനിൽ നിന്നും ഈടാക്കുന്നത് വരെ 10364 രൂപ പ്രവൃത്തിയുടെ അളവുകൾ രേഖപ്പെടുത്തിയ അസി.എഞ്ചിനീയറുടെ ബാധ്യതയായി നിജപ്പെടുത്തുന്നു.

## 3-6 തേനേരിപ്പാടം അംഗനവാടി കെട്ടിടം അറ്റകുറ്റപണി - അധികം നൽകിയത് 9272 രൂപ

പ്രോജക്റ്റ് നം - 83/19

എം. ബുക്ക് - 347/18-19

കരാർ - 54/22.10.18 (Estimate rate)

മൂല്യനിർണ്ണയം - 252666

ചെക്ക് നം. - JC 6762771/31.3.19

കരാറുകാരൻ -സുരേഷ് ബാബു. P

Cost Index -37.25% (DSR 2016)

TS-300000

തേനേരിപ്പാടം അംഗനവാടി കെട്ടിടത്തിന്റെ അറ്റകുറ്റപ്പണിയുടെ ഭാഗമായി കെട്ടിടത്തിന് മേൽക്കൂര നിർമ്മിച്ചപ്പോൾ പർലിൻ/സിംഗിൾ സെക്ഷൻ ഉൾപ്പെടെയുള്ള സ്റ്റീൽ വർക്ക് പ്രവൃത്തികൾക്ക് ട്രസ്സ് വർക്ക് ചെയ്യുന്നതിനുള്ള 123.87/kg നിരക്കാണ് അനുവദിച്ചിട്ടുള്ളത് (DSR 10.16.1). എന്നാൽ ഈ പ്രവൃത്തിയിൽ 212.42 kg വരുന്ന പർലിൻ പ്രവൃത്തികൾക്ക് സിംഗിൾ സെക്ഷൻ പ്രവൃത്തിയായതിനാൽ അനുവദിക്കാവുന്ന നിരക്ക് DSR 10.1 കോഡ് പ്രകാരമുള്ള 80.22/kg രൂപയാണ്. വിശദ വിവരം ചുവടെ

| ഇനം | അനുവദിച്ച തുക | അനുവദിക്കാവുന്ന തുക | അധികം |
|---|---|---|---|
| 11 | 540.14 kg x 123.87/kg = 66907 | 243.59 kg x 123.87/kg = 40595<br>237.41 kg x 80.22/kg = 17040 (Purline)<br>57635<br>(40595+17040) | 9272 |

പ്രവൃത്തിയിൽ കരാറുകാരന് അധികം നൽകിയത് 9272രൂപ. ഓഡിറ്റ് അന്വേഷണത്തിന് മറുപടി ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 20 /16.11.19) മറുപടിയായി വെൽഡിംഗ് പ്രവൃത്തികളും മറ്റ് അനുബന്ധ പ്രവൃത്തികളും ആവശ്യമായി വരുന്നതിലാണ് DSR Code 10.16.1 ഇനം അനുവദിച്ചതെന്ന് വ്യക്തമാക്കി. പർലിൻ പ്രവൃത്തികൾ സിംഗിൾ സെക്ഷൻ പ്രവൃത്തിയായതിനാൽ അനുവദിക്കാവുന്ന നിരക്ക് DSR 10.1 കോഡ് പ്രകാരമുള്ള 80.22/kg രൂപയാണ്. അതുകൊണ്ട് തന്നെ മറുപടി തൃപ്തികരമല്ല. തുക കരാറുകാരനിൽ നിന്നും ഈടാക്കുന്നത് വരെ 9272 രൂപ പ്രവൃത്തിയുടെ അളവുകൾ രേഖപ്പെടുത്തിയ അസി.എഞ്ചിനീയറുടെ ബാധ്യതയായി നിജപ്പെടുത്തുന്നു.

## 3-7 അംഗനവാടി പൂരക പോഷകാഹാര പരിപാടി ഭക്ഷ്യധാന്യങ്ങൾ വാങ്ങിയതിന് അധിക തുക നല്കി

സംയോജിത ശിശുവികസന ഓഫീസർ നടപ്പാക്കിയ അംങ്കണവാടി പൂരക പോഷകാഹാര പരിപാടി എന്ന പദ്ധതിയിൽ (13/19) വികസനഫണ്ട് 20 ലക്ഷം രൂപയും കേന്ദ്രാവിഷ്കൃത ഫണ്ട് 15 ലക്ഷം രൂപയും വകയിരുത്തിയതിൽ മുഴുവൻ തുകയും ചെലവഴിച്ചിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന ബിൽ/ചെക്ക് പ്രകാരം ചെലവഴിച്ച തുകകളിൽ അപാകതകൾ സംഭവിച്ചിട്ടുണ്ട്.

| ബിൽ/ ചെക്ക് നമ്പർ, | തുക | റിമാർക്സ് |
|---|---|---|
| JK2201538/ 21.2.19 | 3,25,709 | ചെക്ക് പ്രകാരം നല്കിയ തുകയിൽ ഉൾപ്പെട്ട 63,960/- രൂപ ചെലേമ്പ്ര കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ 685/1.2.19 ഇൻവോയ്സാണ്. ഇതിൽ ചെറുപയറിന്റെ വില84/- രൂപ നിരക്കിൽ 650 കി.ഗ്രാമിന്റെ വിലയായി 54,600 രൂപ നല്കിയിട്ടുണ്ട്. എന്നാൽ 31.1.19ലെ M2/7850/15 നമ്പർ സപ്ലൈകോയുടെ നിരക്ക് (Bulk sales rate) നിശ്ചയിച്ചുകൊണ്ടുള്ള ഉത്തരവിൽ 69/- രൂപയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇതുമൂലം 9,750/- (15x650) രൂപ അധികം നല്കാനിടയായിട്ടുണ്ട്. |

മറുപടി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (04/13.11.19) ഗുണനിലവാരമുള്ള ഭക്ഷ്യസാധനങ്ങൾ വാങ്ങിയതുമൂലമാണ് അധികവില നല്കേണ്ടി വന്നതെന്ന് വിശദീകരിക്കുകയുണ്ടായി. അധികം നല്കിയ തുക നിർവഹണോദ്യോഗസ്ഥയിൽ നിന്നും ഈടാക്കേണ്ടതാണ്.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ /തീയതി |
|---|---|---|
| 2018-19 | 08.08.19 മുതൽ 09.08.19 വരെ | കെ.എസ്.എ.എം.പി.എം.06/1169/19 തിയതി.26.08.19 |

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്, നമ്പർ | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 7,14,550 | 148/19 ലൈഫ് പദ്ധതി | 5,72,750 | 1,41,800 |
| | 5,00,000 | 12/19 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 5,00,000 | -- |
| | | | | |

| | | | | |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 20,68,920 | 148/19 ലൈഫ് പദ്ധതി | 20,10,720 | 58,200 |
| | 5,00,000 | 12/19 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 4,06,300 | 93,700 |
| | 1,00,000 | 16/19 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 1,00,000 | -- |
| | 1,00,000 | 62/19 വയോജനങ്ങൾക്ക് കട്ടിൽ | 1,00,000 | -- |

## 4-3 നിക്ഷേപ പ്രവർത്തികൾക്ക് (Deposit Work) നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴി ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ എസ് ഇ ബി | 93/19 പൈങ്ങോട്ടൂർ ചേലപ്പാടം റോഡ് സ്ട്രീറ്റ് മെയിൻ | 21800875/ 04.01.19 | 49,993 | ഇല്ല | 49,993 |
| | 231/19 പനയപ്പുറം കരങ്ങോട് എസ്.സി കോളനി വരെ സ്ട്രീറ്റ് മെയിൻ | 21800876/ 04.01.19 | 49,949 | ഇല്ല | 49,949 |
| | 232/19 പനയപ്പുറം പൈങ്ങോട്ടൂർ സ്ട്രീറ്റ് മെയിൻ | 21800877/ 04.01.19 | 29,984 | ഇല്ല | 29,984 |
| ഭൂജലവകുപ്പ് | 242/19 കരങ്ങാട് അംഗനവാടിക്ക് കുഴൽകിണർ | 21801114/ 06.03.19 | 36,890 | ഇല്ല | 36,890 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-5 വായ്പ/ വായ്പ തിരിച്ചടവ്

<u>ലോൺ തുകയുടെ വിവരം</u>

| വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | വായ്പ തുക | വർഷാംരംഭത്തിൽ തിരിച്ചടക്കാനുള്ള മുൻബാക്കി | വർഷാംരംഭത്തിൽ തിരിച്ചടക്കാനുള്ള മുൻബാക്കി | വർഷാവസാന ബാക്കി |
|---|---|---|---|---|---|

| | | | | മുതൽ | മുതൽ | |
|---|---|---|---|---|---|---|
| Life Housing Scheme | GO(MS)12/418/11.09.18 | 26,11,585 | -- | -- | -- | 26,11,585 |

# 4-6 സ്ഥിര നിക്ഷേപങ്ങൾ

(a) വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 25,00,000 |
| തൻവർഷം നിക്ഷേപിച്ച തുക (പലിശ) | 1,80,965 |
| ആകെ | 26,80,965 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 26,80,965 |

(b) നിക്ഷേപത്തിന്റെ വിവരങ്ങൾ

| രശീതി നമ്പർ/തീയതി | തുക |
|---|---|
| 354980/31-03-18 | 25,00,000 |
| പലിശ | 1,80,965 |
| ആകെ | 26,80,965 |

# 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2017-18 | 2(2) | 2,500 | Sundar Wheat Roller Mill | 118020103419/ 19.07.18 |
| 2017-18 | 2(2) | 11,380 | Godrej & Boyce | 118020103832/ 01.08.18 |
| 2017-18 | 2(2) | 360 | Thottathil Wood Industries | 118020104174/ 23.08.18 |
| 2017-18 | 2(2) | 4,568 | Mycard Consultancy (p) Ltd | 118020500078/ 12.11.18 |
| 2017-18 | 3(1) | 2,600 | Muhammed Haneefa | 118020106154/ 19.11.18 |
| 2008-09 | 2(3) | 2,224 | MO(Aurveda) | 118020107481/ 11.01.19 |
| 1998-99 | 38 | 70 | Secreatary, Chelembra GP | 118020108268/ 29.01.19 |
| 2005-06 | 2(1) | 1,175 | Abdul Salam | 118020108269/ 29.01.19 |
| 1998-99 | 35 | 45 | Unnikrishnan | 118020108270/ 29.01.19 |
| 1999-2000 | | 361 | Secretary, Chelembra GP | 118020108271/ |

| | | | | |
|---|---|---|---|---|
| | | | | 29.01.19 |
| 2001-02 | 2(2) | 1,249 | Secretary, Chelembra GP | 118020108272/ 29.01.19 |

ഓഡിറ്റ് റിക്കവറിയിനത്തിൽ ലഭ്യമായ തുക വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 4-8 സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 46,50 | 2003-04 | പൊതു പരാമർശം | 1.ഓഫീസ് കെട്ടിട നിർമ്മാണം<br>2.പാലത്തിങ്ങൽ റോഡ് പുനരുദ്ധാരണം | 25.07.19ലെ നിയമസഭാ സമിതിക്ക് മുൻപാകെ സമർപ്പിച്ചിട്ടുണ്ട് |
| 2000-01 | 31,38 | 2003-04 | -- | 1.ഡി ആന്റ് ഒ ലൈസൻസ്<br>2.സി.എഫ്.എൽ | നിലനിൽക്കുന്നു |
| 2011-12, 2012-13 | 3(1) | 2014-15 | പൊതു പരാമർശം | നിഷ്ക്രിയ ആസ്തികൾ അവലോകനം | നിലനിൽക്കുന്നു |

## 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ/ഈടാക്കാനവശേഷിക്കുന്ന തുകയുടെ വിവരം

ഇല്ല

ബി) സർചാർജ്ജ് നടപടി വഴി ഈടാക്കിയ ഈടാക്കാനവശേഷിക്കുന്ന തുകയുടെ വിവരം

| ക്ര നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ്. | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ, തിയ്യതി) | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക, രസീത് | ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പറും തിയ്യതിയും | തുക | | | | ഉൾപെട്ട തുക | ഈടാക്കിയ തുക | | |
| 1 | 1998-99 | 45 | മനുഭായ്, സെക്രട്ടറി | 15372/Spl. Cell/SC5/05/2005/ 17.11.08 | 3,925 | | | | | | | 3925 |
| 2 | 1999-2000 | 32 | മനുഭായ്, സെക്രട്ടറി | 15371/Spl. Cell/ SC5/ | 5,913 | | | | | | | 5913 |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | 05/ 28.10.08/ 03.11.08 | | | | | | | | |
| 3 | 2002-03 | 3(9) | പി.മാലതി | LF 8465/ Spl.Cell/ SC5/ 08-629/ 11.02.09 | 9,000 +12% പലിശ | | | | | | | 9000+ 12% പലിശ |

# 4-10 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 13,22,18,004.85 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 10,14,29,479 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 68935 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2,66,816 |

(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 18,057 | ശ്രീമതി സജ്ന ഒ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-2 | | 7,280 | |
| 3-3 | | 11,421 | |
| 3-4 | | 2,791 | |
| 3-5 | | 10,364 | |
| 3-6 | | 9,272 | |
| 3-7 | | 9,750 | ശ്രീമതി ജമീല സി.ഒ.ടി, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| | ആകെ | 68,935 | |

<u>സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-36 | 1,66,816 | ശ്രീ.സന്തോഷ് സി, സെക്രട്ടറി |
| 1-40 | 1,00,000 | ഡോ.അനീഷ്, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| ആകെ | 2,66,816 | |

<u>ഡി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിൻറെ വിവരം</u>

ഇല്ല

<u>ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

എഫ്)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി സജ്ന ഒ, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, ചെലേമ്പ്ര ഗ്രാമപഞ്ചായത്ത് | രാനമഠത്തിൽ ഹൗസ്, ആർ.എം ഹോസ്പിറ്റൽ, പൂഴിക്കടവ് റോഡ്, കോഴിക്കോട് -673015 |
| ശ്രീമതി ജമീല സി.ഒ.ടി, ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ, ചെലേമ്പ്ര ഗ്രാമപഞ്ചായത്ത് | ചമലിൽ ഹൗസ്, കൊളക്കാട്ടുചാലി പി.ഒ, ചേലേമ്പ്ര, മലപ്പുറം 673634 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1994-95, 1995-96 | എൽ.എഫ്.എം.6/2576/16 തിയ്യതി 03.12.2012 | 16 |
| 1996-97 | എൽ.എഫ്.എം.13/737/98 തിയ്യതി 30-10-2010 | 5 |
| 1997-98 | എൽ.എഫ്.എം.13/770/00 തിയ്യതി 30-10-2010 | 17 |
| 1998-99 | എൽ.എഫ്.എം.6/2537/12 തിയ്യതി 03-12-2012 | 20 |
| 1999-00 | എൽ.എഫ്.എം.12/196/02 തിയ്യതി 30-10-2010 | 12 |
| 2000-01 | എൽ.എഫ്.എം.6/390(എ)/03 തിയ്യതി 02-05-2014 | 6 |
| 2001-02 | എൽ.എഫ്.എം.7/738/03 തിയ്യതി 30-10-2010 | 17 |
| 2002-03 | എൽ.എഫ്.എം.14/2481/07 തിയ്യതി 30-10-2010 | 11 |
| 2004-05 | എൽ.എഫ്.എം.14/2481/07 തിയ്യതി 30-10-2010 | 8 |
| 2005-06 | എൽ.എഫ്.എം.14/1394/08 തിയ്യതി 30-10-2010 | 9 |
| 2006-07 | എൽ.എഫ്.എം.14/2113/12 തിയ്യതി 03.11.2012 | 17 |
| 2007-08 | എൽ.എഫ്.എം.6/2079/10 തിയ്യതി 20-04-2011 | 12 |
| 2008-09 | എൽ.എഫ്.എം.6/2433/12 തിയ്യതി 03-12-2012 | 5 |
| 2009-10, 2010-11 | എൽ.എഫ്.എം. 6/2318/13 തിയ്യതി 07-12/2013 | 8 |
| 2011-12, 2012-13 | എൽ.എഫ്.എം. 6/3375/14 തിയ്യതി 18.01.2018 | 11 |
| 2013-14, 2014-15 | കെ.എസ്.എ എം.പി.എം 6/542/18 തി. 31.03.2018 | 13 |
| 2015-16 | കെ.എസ്.എ എം.പി.എം 6/3334/2016 തി. | |

| | | |
|---|---|---|
| | 28.03.2018 | 21 |
| 2016-17 | കെ.എസ്.എ എം.പി.എം 6/1774/2017<br>തിയതി 10.07.2018 | 21 |
| 2017-18 | കെ.എസ്.എ എം.പി.എം06/1995/18<br>തിയതി 08.10.18 | 18 |

**ഡെപ്യൂട്ടി ഡയറക്ടർ,**
**മലപ്പുറം**

# അനുബന്ധം I ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ.എം.പി.എം.6/2826/2019


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം.

പിൻ-676505 ഫോൺ:04832734951

dompm.ksad@kerala.gov.in


തിയ്യതി: 04-01-2020

ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയത്തിലെ 215-ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത്/നഗരപാലിക സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ ചെലേമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 31.03.2019 – ൽ അവസാനിച്ച വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിന്റെ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ചെലേമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ധനകാര്യസ്റ്റേറ്റ്മെന്റ് വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം.